വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Reg.No. E-3884/05/K.Div.

ബ്രദറൺ വാർത്താ പത്രിക

ഉൾപ്പേജുകളിൽ...

ക്രിസ്തു വിമോചന പോരാളിയല്ല... 3
യാത്രയയപ്പും മീറ്റിംങ്ങുകളും... 3
ഒരു അനുഭവസാക്ഷ്യം 5
കാട്ടുകല്ലിൽ നിന്ന്... 6
അക്ഷരം കൊല്ലുന്നു... 6

പുസ്തകം 10, ലക്കം 2 2012 മാർച്ച് 5

## തിരുവല്ല ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് – 2012 സമാപിച്ചു.





ഒരു പുനർസമർപ്പണത്തിനായ് കാതോർത്ത്....




സുവി. ആൽബർട്ട് സുനിൽ സന്ദേശം നൽകുന്നു പരിഭാഷ: ബിനു സാമുവേൽ

**തിരുവല്ല:** 2012 ഫെബ്രുവരി 24 മുതൽ 26 വരെ തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ വച്ച് നടന്ന ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് അനുഗ്രഹകരമായി സമാപിച്ചു. സുവിശേഷകന്മാരായ പി.ജി. ജെയിംസ് തണ്ണിത്തോട്, ആൽബർട്ട് സുനിൽ ഔറംഗബാദ്, ചാണ്ടപിള്ള ഫിലിപ്പ് കോട്ടയം എന്നിവർ ഈ മീറ്റിംഗിൽ സന്ദേശം നൽകി. മാത്യു ജോൺ, ജെ.പി. രാജൻ, ജോൺസൺ പീറ്റർ, ജോയി ജോൺ, ജെയിസൺ, ജോസ് സെറിൽ, ജോൺലി, പ്രവീൺ, ബാബു, റിബേക്കാ രാജൻ എന്നിവർ സംഗീത മേളയ്ക്ക് നേതൃത്വം നൽകി. തിരുവല്ലയിലും ചുറ്റുപാടുമുള്ള സ്ഥലം സഭകളിൽ നിന്നും കടന്നുവന്ന ആയിരത്തോളം വിശ്വാസികളുടെ സദസ്സ് സുവിശേഷ സന്ദേശം കേട്ട് പുനർപ്പണം ചെയ്തു. 25-ാം തീയതി നടന്ന കുട്ടികളുടെ സമ്മേളനത്തിൽ ആയിരത്തിലധികം കുട്ടികളും അഞ്ഞൂറോളം രക്ഷിതാക്കളും പങ്കെടുത്തതായി സംഘാടകർ അറിയിച്ചു. സഹോദരന്മാരായ ബിനു സാമുവേൽ, ഏബ്രഹാംതോമസ് പുല്ലാട് എന്നിവർ കുട്ടികൾക്ക് സന്ദേശം നൽകി. 24 ന് വൈകിട്ട് ബ്രദർ ദാനിയേൽ പ്രാർത്ഥിച്ച് ആരംഭിച്ച മ്യൂസിക് ഫെസ്റ്റ് 26 ന് രാത്രി സുവി. ഫിലിപ്പ് ഏബ്രഹാമിന്റെ പ്രാർത്ഥനയോടെ സമാപനം കുറിച്ചു.

## 102–ാ മത് പരുത്തപ്പാറ ബ്രദറൺ കൺവൻഷൻ സമാപിച്ചു




സുവി. ജോൺ പി. തോമസ് സമാപന സന്ദേശം നൽകുന്നു...

ലാവണ്യ മൊഴികൾക്കായ്.....

**അടൂർ:** പരുത്തപ്പാറ ഹെബ്രോൺ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 102-ാമത് കൺവൻഷൻ 2012 ഫെബ്രുവരി 7 ന് ആരംഭിച്ച് 12 ഞായറാഴ്ച നടന്ന സംയുക്ത ആരാധനയോടെ സമാപിച്ചു. ബിനു സാമുവേൽ, ജോർജ്ജ് ചാക്കോ മാവേലിക്കര, ജോൺ പി. തോമസ് എന്നീ കർത്തൃദാസന്മാർ മുഖ്യപ്രഭാഷകരായിരുന്നു. അടൂരും ചുറ്റുപാടുമുള്ള അനേക സ്ഥലങ്ങളിലെ വിശ്വാസികളും കർത്തൃദാസന്മാരും ആരാധനയിലും മറ്റു ദിവസങ്ങളിൽ നടന്ന വിവിധ ശുശ്രൂഷകളിലും പങ്കെടുത്തു.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ വിദേശമിഷനറിമാരായ കർത്തൃദാസന്മാർ ഈ പ്രദേശത്തുവന്ന് പ്രവർത്തിച്ചതിന്റെ ഫലമായി സ്ഥാപിതമായതാണ് പരുത്തപ്പാറ സഭ. ഇന്ന് നിത്യതയിൽ വിശ്രമിക്കുന്നവരും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമായ ദൈവജനത്തിന്റെ നിരന്തരപ്രയത്നത്തിന്റെ ഫലമായി അടൂരിലും ചുറ്റുപാടുകളിലുമായി മറ്റനേക സഭകൾ രൂപപ്പെടുവാൻ കർത്താവ് കൃപ ചെയ്തു.

എന്നാൽ ഈ കാലഘട്ടത്തിൽ ദൈവജനം പിന്നിലേക്കു നോക്കി കഴിഞ്ഞ നാളുകളിലെ നേട്ടങ്ങളിൽ പ്രശംസിക്കാതെയും കോട്ടങ്ങളിൽ പരിതപിച്ചു സ്തംഭിച്ചു നിൽക്കാതെയും 'പിമ്പിലുള്ളതു മറന്ന് മുമ്പിലുള്ളതിനായി ആഞ്ഞുകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായിലാക്കിലേക്ക് ഓടുന്നു." (ഫിലി. 3:14) പൗലോസപ്പോസ്തലനോട് ചേർന്ന് ചിന്തിക്കുകയും ഉത്സാഹത്തോടെ മുന്നേറേണ്ടതുമാകുന്നു എന്ന് സമാപന സന്ദേശം നൽകികൊണ്ട് സുവി. ജോൺ പി. തോമസ് ഓർപ്പിച്ചു. ലോത്തിന്റെ ഭാര്യയെയോർത്തുകൊള്ളുക. നമ്മിൽ ആരും തികഞ്ഞവരാണെന്നു ചിന്തിച്ച് അലസരാകാൻ പാടില്ല പുറകോട്ടു നോക്കി പകച്ചുനിൽകുകയും അരുത്. നമ്മുടെ രക്ഷാനായകൻ നമുക്കായി സകല നിത്യസൗഭാഗ്യങ്ങളും ഒരുക്കിയിരിക്കുന്നു. നാമതിനെ എത്തിപ്പിടിക്കാൻ വേണ്ടി ഓടി എത്തേണ്ടവരാണ്. ലോകമനുഷ്യന് കാലങ്ങൾ മൂന്നാണ്. ഭൂതം, വർത്തമാനം, ഭാവി. ആത്മീയന് ഭൂതം, ഭാവി, വർത്തമാനം. കഴിഞ്ഞകാലത്തെ വിട്ടുകളഞ്ഞ്, ഭാവിയിൽ എത്തേണ്ടതിനായ് അങ്ങോട്ട് ഓടണം. ലക്ഷ്യത്തിലെത്താൻ കരുതേണ്ട നാലുകാര്യങ്ങൾ, 1. ഒരു കുറവ്: നീ പോയി നിനക്കുള്ളത് എല്ലാം വിറ്റ് ദരിദ്രർക്കുകൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക. (മർക്കോ. 10:21) 2. അല്ല, ഒന്നു മതി, മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു. (ലൂക്കോ. 10:42). 3. ഒന്ന് അറിയുന്നു: ഞാൻ കുരുടനായിരുന്നു. ഇപ്പോൾ കണ്ണുകാണുന്നു. (യോഹ. 9:25). 4. ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു; അതുതന്നെ ഞാനാഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നെ (സങ്കീ. 27:4). ഇതായിരിക്കട്ടെ ഒരു വിശ്വാസിയുടെ പ്രത്യാശാജീവിതത്തിന്റെ ആകെത്തുക എന്നും ആരാധനയോഗത്തോടനുബന്ധിച്ച് സഹോ. ജോൺ പി. തോമസ് നൽകി സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

കൂടാതെ ബുധൻ മുതൽ ഞായർ വരെ എല്ലാ ദിവസവും രാവിലെ 6 മണിക്ക് പ്രഭാതസന്ദേശവും, ശനിയാഴ്ച സോദരിസമാജം സമ്മേളനവും ഉണ്ടായിരുന്നു. സംഗീത ശുശ്രൂഷ ഗോസ്പൽ സിംഗേഴ്സ് തിരുവല്ല നിർവ്വഹിച്ചു.

എഡിറ്റോറിയൽ

## ക്രിസ്തു വിപ്ലവകാരിയോ? വിമോചകനോ?



**"ക്രിസ്തു വിപ്ലവകാരിയാണ്"** കഴിഞ്ഞ അനേകം വർഷങ്ങളായി കേട്ടുപരിചയിച്ച ഒരു പ്രസ്താവനയാണിത്. എന്നാൽ ഇന്നുവരെ അതിന്റെ പേരിൽ ലോകത്തൊരിടത്തും എന്തെങ്കിലും പ്രതിഷേധങ്ങൾ നടന്നതായി അറിവില്ല. എന്നാൽ നമ്മുടെ ഈ കൊച്ചു കേരളത്തിൽ അങ്ങനെയൊരു പ്രതിഷേധം ഉണ്ടായിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

കേരളത്തിൽ നടന്ന സി.പി.ഐ(എം)–ന്റെ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി പുറത്തിറക്കിയ ഫ്ളെക്സ് ബോർഡുകളിലൂടെയും പ്രസ്താവനകളിലൂടെയും ക്രിസ്തു എന്ന ദൈവപുത്രനെ അപമാനിക്കുവാൻ ശ്രമിച്ചതാണ് അതിന്റെ കാരണം. തങ്ങളുടെ നേതാക്കൾക്കൊപ്പം ക്രിസ്തുവിന്റേതെന്നുകരുതുന്ന ഫോട്ടോകൂടി ഉൾപ്പെടുത്തിയതുകൂടാതെ ക്രിസ്തുവിന്റെ അന്ത്യഅത്താഴം എന്നപേരിൽ ബഹുവർഷങ്ങളായി നിലവിലിരുന്ന ചിത്രത്തിന്റെ ഫോട്ടോകളിൽ കാണുന്ന ആളുകളുടെ തലകളുടെ സ്ഥാനത്ത് തങ്ങളുടെ എതിരാളികളുടെ മുഖം ചേർത്ത് വികൃതമാക്കിയത്രെ.

ഇവിടെ ഒരുകാര്യം പ്രസ്തവ്യമാണ്. ആവിഷ്കാര സ്വാതന്ത്ര്യം ഒരുതരത്തിലും ഹനിക്കുവാൻ ആരേയും ഒന്നിനേയും അനുവദിച്ചുകൂട. പക്ഷേ മറ്റൊരുകാര്യം നാം അറിയാതെ ഇരിക്കയും അരുത്. ചില നാളുകൾക്കുമുമ്പ് ഒരു പാർട്ടി സെക്രട്ടറിയെ അനുകരിക്കുവാൻ ശ്രമം നടത്തി. അത് വളരെ വേഗം നിർത്തേണ്ടിവന്ന കഥ ഒരു കോമഡി ആർട്ടിസ്റ്റ് തന്റെ ടി.വി. അഭിമുഖത്തിൽ വെളിപ്പെടുത്തിയത് മലയാളികൾ കണ്ടു. സഹാക്കളുടെ ശക്തമായ മുന്നറിയിപ്പാണ് അത് ഉപേക്ഷിക്കുവാൻ കാരണമായത്. തങ്ങളുടെ പാർട്ടി സെക്രട്ടറിയെ തൊടേണ്ട എന്നാണ് അനുയായികൾ പറഞ്ഞത്.

എന്നാൽ അനേക കോടി മനുഷ്യരുടെ ആരാധനാപാത്രവും ജീവിത സർവ്വസ്സവുമായ ദൈവപുത്രനെ കേവലം പാർട്ടി നേതാക്കളോടും രക്തസാക്ഷികളോടും തുലനം ചയ്യുന്നതിൽ യാതൊരു തെറ്റും ഇക്കൂട്ടർ കാണുന്നില്ല. കഴിഞ്ഞനാളുകളിൽ ഇവർ കൊണ്ടുനടന്ന ആശയങ്ങൾ സാധാരണക്കാരുടെ ഹൃദയങ്ങളിൽ നിലനിൽക്കുന്നില്ല എന്നുകണ്ടപ്പോൾ ചില ചെപ്പടിവിദ്യകൾ ഉപയോഗിക്കുന്നു എന്നേയുള്ളു. കാലം അതും പഴയതുപോലെതന്നെ ചപ്പുകൂനയിലേക്ക് തള്ളികളയും.

കമ്മ്യൂണിസത്തിന്റെ അടിസ്ഥാനം ഭൗതീകവാദവും നരീശ്വരവാദവുമാണ്. ഇവരിൽ ഈശ്വരവിശ്വാസികൾ ഉണ്ടായേക്കാം. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റിന് ആത്മീയതയെ ഒരു കാരണവശാലും അംഗീകരിക്കുവാനോ വിശ്വസിപ്പാനോ കഴിയുകയില്ല. പിന്നെ തങ്ങൾ ഈശ്വരവിശ്വാസത്തേയും മതത്തേയും എതിർക്കാഞ്ഞത് അണികൾ കുറഞ്ഞുപോകും എന്നും അധികാരം നഷ്ടപ്പെടും എന്ന ഭയംമൂലമാണ്.

യേശു പീഡിതരുടെ വിമോചകനായിരുന്നു എന്നാണീ കൂട്ടരുടെ വാദം. അത് ശരിയുമായിരുന്നു. എന്നാൽ അവർ കരുതുന്നതുപോലെ ഈ ലോകസംബന്ധിയായതോ ഭൗതികമായതോ ആയ വിഷയത്തിനല്ല ക്രിസ്തു പ്രാധാന്യം കൊടുത്തത്. കാരണം ക്രിസ്തുവിന്റെ രാജ്യം ഐഹീകമായിരുന്നില്ല.

തന്റെ സൃഷ്ടികളായ മനുഷ്യൻ പാപത്തിൽ പതിച്ചതിനെ തുടർന്ന് അവൻ ഇന്ന് അനുഭവിക്കുന്ന സകല പ്രശ്നത്തിനും കാരണമായ പാപം എന്ന അടിമത്വത്തിൽ നിന്നും അവനെ വിടുവിക്കുവാൻ ആത്മാവിന് ജീവനും ഉദ്ധാരണവും നൽകുവാൻ വന്ന ദൈവപുത്രനെ വൈരുദ്ധ്യാത്മക ഭൗതീക വാദികളുടെ വിമോചന വിഷയവുമായി ബന്ധിപ്പിക്കുന്നത് മൗഢ്യമാണ്. മാത്രമല്ല ക്രിസ്തുവിന്റെ സോഷ്യലിസവും ഇന്നത്തെ സോഷ്യലിസവും തമ്മിൽ യാതൊരു ബന്ധവുമില്ല. തന്റെ അനുയായികളോടൊപ്പം തലചായ്പ്പാൻ ഇടമില്ലാതെ ജീവിച്ച് അവർക്കുവേണ്ടി ജീവൻ തന്നെ അർപ്പിച്ച ക്രിസ്തു , അനുയായികളുടെ വിയർപ്പിന്റെ ഫലംകൊണ്ട് രമ്യഹർമങ്ങളിൽ താമസിക്കുകയും എ.സി. കാറിൽ സഞ്ചരിക്കുകയും ചുവപ്പ് സൈന്യത്തിന്റെ അകമ്പടിയിൽ ജീവിക്കുകയും ചെയ്യുന്ന നേതാക്കളോട് ക്രിസ്തു എങ്ങനെ സമനാകും? പാവം ജനത യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാതിരിക്കുന്നത് ഇക്കൂട്ടരുടെ ഭാഗ്യമെന്നെ പറയേണ്ടു.

ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊന്നുണ്ട്. തങ്ങളുടെ ആത്മനായകനും കർത്താവുമായവനെ അപമാനിക്കുവാൻ ശ്രമിച്ചതിനെ കേരളത്തിലെ ക്രൈസ്തവ നേതാക്കളിൽ അനേകരും ഒരുപോലെ അപലപിക്കുകയും പ്രതിഷേധിക്കുകയും ചെയ്തപ്പോൾ യേശുക്രിസ്തു ഒരു രക്തസാക്ഷി ആണെന്നുള്ള മെത്രാപ്പോലീത്തയുടെ പ്രസ്താവന വിചിത്രമായിതോന്നുന്നു. ക്രിസ്തുവിന്റെ ദൈവത്വത്തിനെതിരെയുള്ള ആക്രമണമായി ഇതിനെ കരുതേണ്ടതാണ്. ക്രിസ്തുവിന്റെ മരണം രക്തസാക്ഷി മരണമല്ല, റോമാസാമ്രാജ്യത്തിന്റെയും യഹൂദ പുരോഹിതന്മാരുടെയും ശിക്ഷയോ അല്ല. ക്രിസ്തുവിന്റെ മരണം മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായുള്ള പ്രതിപകരയാഗമാണ്. അതിൽ നീതികരവും വിശുദ്ധികരണവും ഉൾക്കൊണ്ടിരിക്കുന്നു.

ക്രിസ്തു ജനകോടികളുടെ ആരാധ്യനും അനിഷേധ്യ നേതാവുമാണ്. അതുകൊണ്ട് ക്രിസ്തു വിരുദ്ധ നിലപാടുകൾ ആരെടുത്താലും ക്രിസ്തുഭക്തർ അതിനെ അർഹിക്കുന്ന അവഗണവനയോടെ തള്ളികളയും എന്നതിൽ സംശയമില്ല.

**എം.വി. ബാബു**
(ചീഫ് എഡിറ്റർ)

## ക്രിസ് സാമുവേൽ മിനസ്ട്രീസ് – വിജയനഗരം

2008–ലാണ് 'ക്രിസ് സാമുവേൽ മിനിസ്ട്രീ' ആരംഭിക്കുന്നത്. മിനിസ്ട്രി ആരംഭിക്കുന്നതിനുമുമ്പുതന്നെ ക്രിസ് തന്റെ 26–ാം വയസ്സിൽ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. 2012 മെയ് 17 ന് 5 വർഷം തികയുന്ന ഈ അവസരത്തിൽ വിജയനഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള ആദിവാസികേന്ദ്രങ്ങളിലൂടെ ഒന്നുകൂടി യാത്രചെയ്യുവാൻ ഞങ്ങളുടെ ചെറിയ മിഷൻ ട്രിപ്പിന് സാധിച്ചു. ന്യൂയോർക്കിൽ നിന്നും ജോർജ്ജ് മാത്യു – ശോശാമ്മ ദമ്പദികളും (ഇമ്മാനുവേൽ ബ്രദറൺ അസംബ്ലി ന്യൂയോർക്ക്) ലേഖകനും ഭാര്യയും, ബിജു പാലേമാട്, സാമുവേൽ പാപ്പി തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

## ഗുമ്മുക്കോട്ട

വിജയനഗരത്തിൽ നിന്നും 60 കി.മീ. മലകളാൽ ചുറ്റപ്പെട്ട പ്രകൃതിരമണീയമായ ആദിവസികോട്ടയിൽ പ്രവർത്തനം ആരംഭിച്ചിട്ട് ഒരുവർഷം ആകുമ്പോൾ 5 കുടുംബങ്ങളിൽ നിന്നും 15 പേർ കർത്താവിനെ ആരാധിക്കുന്ന ഒരു സഭാകൂടിവരവ് ഉണ്ടാകുവാൻ കർത്താവ് സഹായിച്ചു. ഇവിടെ മൂന്നു ദിവസം നടന്ന ഗോസ്പൽ ക്രൂസേഡിൽ കർത്തൃദാസന്മാരായ എം.വി.ബാബു, സാമുവേൽ പാപ്പി, വി.ജെ.ജോൺ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ചുറ്റുപാടുകളിൽ നിന്നും കടന്നുവന്ന വിശ്വാസികൾ ഈ ദിവസങ്ങളിൽ ഇവിടെ താമസിച്ചുകൊണ്ട് പ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും പങ്കെടുത്തു. അതോടനുബന്ധിച്ച് കൂടിവന്ന മുപ്പതോളം സുവിശേഷകന്മാർക്കുവേണ്ടി എം.വി.ബാബു, സാമുവേൽ പാപ്പി എന്നിവർ ബൈബിൾ ക്ലാസ്സ് എടുത്തു. തികച്ചും അപരിഷ്കൃതമായ ജീവിതം ഇപ്പോഴും തുടരുന്ന ഇവിടുത്തെ ജനങ്ങളെ സുവിശേഷീകരിക്കുക എന്നത് ഏറെ ശ്രമകരമാണ്. വളരെ സമർപ്പണവും ആത്മഭാരമുള്ളവർക്കേ ഇവിടെ തുടരാൻ സാധിക്കുകയുള്ളു. പ്രാർത്ഥനയും പിൻബലവും ഏറെ ആവശ്യമാണ്.

## ചീഡിവത്സ

വിജയനഗരത്തിൽ നിന്നും 120 കി.മീ. കിഴക്കുമാറിയുള്ള നിമ്നോന്നതമായ സ്ഥലമാണ് ചീഡിവത്സ. 2007 ഏപ്രിലിലാണ് ക്രിസ് തന്റെ ആദ്യ മിഷൻ ട്രിപ്പുമായി ഇവിടെ എത്തിയത്. സുവി. വി.പി. ഫെർണ്ണാണ്ടസ് ആതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊടുത്തു. മിനിസ്ട്രിയുടെ ഇവിടുത്തെ പ്രവർത്തനത്തിന്റെ ആരംഭം അതാണ്. ഏറെ ദുഷ്കരമായ ആ യാത്രയിൽ ക്രിസിന് വളരെ ആരോഗ്യകരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ക്ഷീണിതനെങ്കിലും തന്നിലുള്ള ആത്മഭാരവും അവിടെയുള്ള തിരിച്ചറിവില്ലാത്ത ജനങ്ങളോടുള്ള സ്നേഹവും തന്നെ മുമ്പോട്ട് നയിച്ചു. ഇപ്പോൾ 30 അധികം പേർ കൂടിവരുന്ന ഒരു സഭ ഇവിടെ ഉണ്ട്. സാമുവേൽ പാപ്പിയുടെ സഹായത്താൽ ഒരു ഹാളും പണികഴിപ്പിച്ചു. ഇവിടുത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടെ സൊനബ, ആരക്കു, ദമ്മേദാ തുടങ്ങിയ അനേകം സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾക്ക് സഹോ. വി.പി. ഫെർണ്ണാണ്ടസ് നേതൃത്വം കൊടുക്കുന്നു. വിവിധ സ്ഥലങ്ങളിലുള്ള അനേകം സഹോദരന്മാർക്ക് പ്രവർത്തനങ്ങൾക്കായി ഇവിടെ സന്ദർശിക്കുവാൻ അവസരം ഉണ്ടായിട്ടുണ്ട്.

## വിജയനഗരത്തിലെ ബ്രദറൺ സാന്നിദ്ധ്യം

1833–ൽ ആന്റണി നോറിസ് ഗ്രോവ്സും തിരുനെൽവേലിയിൽ നിന്നും ജെ.സി. അരുളപ്പനുംകൂടി യാത്രചെയ്ത് ആന്ധ്രാപ്രദേശത്തിലെത്തി കർണ്ണൂൽ, പ്രകാശം തുടങ്ങിയ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചതിലൂടെ അനേകം സഭകൾ രൂപംകൊണ്ടു. എങ്കിലും വിജയ നഗരത്ത് വിദേശ മിഷനറിമാരാൽ ബ്രദറൺ പ്രവർത്തനം ഒന്നും ഉണ്ടായിട്ടില്ല. 150 വർഷങ്ങൾക്കുമുമ്പ് ലൂഥറൻകാരുടെയും ബാപ്റ്റിസ്റ്റുകാരുടെയും പ്രവർത്തനങ്ങൾ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ആദിവസിചേരികളിലും ധാരാളം

*ശേഷം: 3–ാം പേജിൽ കോളം 4*

**നിയോഗം**

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

**"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"**

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്. ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക. **വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ), 25 ഡോളർ (യു.എസ്.എ), 500 രൂപ (ഗൾഫ്)**

**വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ**

**വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, വിലാസമാറ്റം,**

എന്നിവ അയയ്ക്കേണ്ട വിലാസം

**M.V. BABU, NIYOGAM,
KALLISSERY P.O, KERALA - 689 124
PH:0479-2426084, 9447124260
E-mail: niyogampatram@gmail.com**

**മാസിക ആവശ്യമുള്ളവർ**

# ക്രിസ്തു: വിമോചന പോരാളിയല്ല; വിമോചകനും ദൈവവുമാണ്

**ജെ.സി. ദേവ്**

**തി**രുവനന്തപുരത്ത് സി.പി.എം. നടത്തിയ "മാർക്സാണ് ശരി" എന്ന ചരിത്ര ചിത്ര പ്രദർശനത്തിൽ മാർക്സ്, ഏംഗത്സ്, ചെഗുവേര തുടങ്ങിയ വിപ്ലവകാരികൾക്കൊപ്പം ക്രിസ്തുവിന്റെ ക്രൂശിത രൂപവും പ്രദർശിപ്പിച്ച് ചരിത്രത്തിനും ക്രിസ്തുവിജ്ഞാനീയത്തിനും നിരക്കാത്ത ഒരു വിശദീകരണക്കുറിപ്പും നല്കിയിരുന്നു. മാർക്സിനേയും ഏംഗത്സിനേയും ചെഗുവരയേയുംപോലെ ക്രിസ്തുവിനെയും ഒരു വിപ്ലവകാരിയാക്കി ചിത്രീകരിച്ചിരിക്കുകയാണ്. ക്രിസ്തുവിനെ സംബന്ധിക്കുന്ന ചില മൗലിക സത്യങ്ങൾ ഇവിടെ മറച്ചു പിടിക്കുകയോ അതിന് ക്രിസ്തുവിരുദ്ധമായ പാഠഭേദം നല്കുകയോ ചെയ്തിരിക്കുകയാണ്. പാർട്ടി സെക്രട്ടറി പിണറായി വിജയനും മറ്റും ഇതിനെ ക്രിസ്തുവിനോട് പാർട്ടിക്കുള്ള ആദരവായി ന്യായീകരിക്കുന്നുണ്ടെങ്കിൽ ഇത് ക്രിസ്തുനിന്ദയാണ്. പാർട്ടിയുടെ ഈ നയവും സമീപനവും അത്യന്തം പ്രതിഷേധാർഹമാണ്.

"യേശുക്രിസ്തു ഇന്നു ജീവിച്ചിരുന്നെങ്കിൽ സി.പി.എം.ന്റെ പോളിറ്റ് ബ്യൂറോ അംഗമാക്കുമായിരുന്നു എന്ന് എം..എ. ബേബി മുമ്പ് പ്രസ്താവിച്ചു. ഇയ്യിടെ സി.പി.എം. സംസ്ഥാന സമിതി അംഗം. എം.വി.ജയരാജൻ പറഞ്ഞത് "ക്രിസ്തുമതം കമ്മ്യൂണിസമാണെന്നും ക്രിസ്തു സി.പി.എം. നേതാവ് പ്രകാശ് കാരാട്ടിനെ പോലെയാണ്" എന്നാണ്. കമ്മ്യൂണിസ്റ്റു നേതാക്കന്മാരുടെ ഇത്തരം സമീപനങ്ങളും ഇടപെടലുകളും അഭിപ്രായ പ്രകടനങ്ങളും ഭാഷ്യങ്ങളും സീസണലാണ്. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു രാഷ്ട്രീയ തന്ത്രം. കുളം കലക്കി മീൻ പിടിക്കാനുള്ള വിദ്യ. ഇത് രാഷ്ട്രീയ തന്ത്രത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുവാൻ പ്രബുദ്ധരായ ക്രൈസ്തവ വിശ്വാസികൾക്ക് സാധിക്കണം.

കമ്മ്യൂണിസവും ക്രൈസ്തവ സഭയും ഒന്നല്ല. രണ്ടും രണ്ടുതന്നെ. കമ്മ്യൂണിസവും നിരീശ്വരവാദവും ഭൗതികവാദവും അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിട്ടുള്ള ഒരു രാഷ്ട്രീയ വ്യവസ്ഥിതിയാണ്. ലക്ഷ്യം നേടുവാൻ അവർക്ക് ഏതു മാർഗ്ഗവും സ്വീകരിക്കാം. ക്രൈസ്തവ സഭ തികച്ചും വ്യത്യസ്തമാണ്. ദൈവവിശ്വാസവും ക്രിസ്തു ദർശനവും അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള ഒരു ആത്മീയ വ്യവസ്ഥിതി. ഇവിടെ ലക്ഷ്യത്തിലെത്തുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കുവാൻ അനുവാദമില്ല. തികച്ചും ക്രൈസ്തവമായ, ബൈബിളികമായ ആത്മീക മാർഗ്ഗങ്ങൾ മാത്രമേ സ്വീകരിക്കുവാൻ അനുവാദമുള്ളു. കമ്മ്യൂണിസം ഭൗതിക മാത്രപ്രധാനമാണ്. അവരുടെ ദർശനം പദാർത്ഥത്തിലധിഷ്ഠിതമാണ്. ക്രൈസ്തവികത അങ്ങിനെയല്ല. അവിടെ നിത്യത പ്രധാനമാണ്. പിന്നെ എങ്ങനെ കമ്മ്യൂണിസവും ക്രൈസ്തവീകതയും ഒന്നാകും?

ക്രിസ്തു നിസ്തുല്യനാണ്. ക്രിസ്തുവിന്റെ സ്ഥാനത്ത് പകരം വെയക്കാൻ മറ്റൊരാളില്ല. ക്രിസ്തുവിനോടു സാദൃശ്യപ്പെടുത്തുവാൻ ക്രിസ്തുവിനെപോലെ വേറൊരാൾ ചരിത്രത്തിലില്ല. ക്രിസ്തുവിന്റെ ജനനം, ക്രിസ്തുവിന്റെ ചരിത്രബന്ധം, ക്രിസ്തുവിന്റെ നിസ്തുല്യമായ, വിശുദ്ധ ജീവിതം, ആദർശാധിഷ്ഠിതമായ, മനുഷ്യാഭിമുഖ്യ നിലപാടുകൾ, ക്രിസ്തുവിന്റെ ക്രൂശീകരണം, ക്രിസ്തുവിന്റെ രക്ഷാകരണ ദൗത്യം, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്, കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലെ ക്രൈസ്തവികതയുടെ ആഗോളമുന്നേറ്റം, ലോക നേതാക്കന്മാരിലും, ആചാര്യന്മാരിലും, ക്രിസ്തു ആദർശത്തിന്റെ സ്വാധീനം ഇതെല്ലാം ക്രിസ്തു എന്ന വ്യക്തിയുടെ സവിശേഷതകളാണ്. ഇവിടെ ക്രിസ്തു അനുപമ വ്യക്തിത്വത്തിന്റെ ഉടമയും അനന്യനും നിസ്തുല്യനുമാണ്. ഈ വ്യക്തിത്വത്തോടു സാദൃശ്യപ്പെടുത്തുവാൻ ഈ ചരിത്രത്തിൽ ആരുണ്ട്? ക്രിസ്തുവിനെ പ്രകാശ് കാരാട്ടുമായി സാദൃശ്യപ്പെടുത്തുന്നതിനെ പ്രകാശ് കാരാട്ടുപോലും ന്യായീകരിക്കുമെന്നു തോന്നുന്നില്ല. കാറൽ മാർക്സും ഫ്രഡറിക്ക് ഏംഗത്സും ക്രിസ്തുവിനോടും ക്രൈസ്തവികതയോടും ആദരവു പുലർത്തിയവരാണ്. യഹൂദ – ക്രൈസ്തവ സ്വാധീനങ്ങൾ അവരുടെ ചിന്തകളിൽ കാണാം. പക്ഷേ, അവരാരും ക്രിസ്തുവിന്റ സ്ഥാനത്ത് കയറി നില്ക്കാൻ ശ്രമിച്ചിട്ടില്ല.

*ശേഷം: 5 -ാം പേജിൽ*

ഉണ്ടായിട്ടുണ്ട്. ഈ മഷനറിമാർ സ്ഥലങ്ങൾ വേർതിരിച്ച് പരസ്പരം മത്സരമില്ലാതെ പ്രവർത്തിച്ചു. എന്നാൽ പിന്നീട് നാട്ടുകാരായ മിഷനറിമാർക്ക് അതേനിലയിൽ പ്രവർത്തനം തുടരുവാൻ കഴിഞ്ഞില്ല. വിക്ടർ ജോസഫ് തുടങ്ങിയ സ്വദേശികളായ മിഷനറിമാർ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തു.

ഏറെ മുതലെടുപ്പിന് വിധേയമായിട്ടുള്ള ഗ്രാമങ്ങളാണ് ഇവിടെ ഉള്ളത്. ധാരാളം മിഷൻ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നുണ്ടെങ്കിലും അതെല്ലാം നേതാക്കന്മാരുടെ ലാഭത്തിനുവേണ്ടി മാത്രമാണ്. ഉപദേശ വ്യത്യാസമോ സഭാ വ്യത്യാസമോ നോക്കാതെ കൂടുതൽ കാശ് കൊടുക്കുന്നവരുടെ പിന്നാലെ പ്രവർത്തകർ പോകുന്നൊരു പ്രവണത അധികമാണ്. അതുകൊണ്ട് പുതിയ നിയമ രീതിയിലുള്ള കൂടിവരവുകൾ ഇവിടെ ഇല്ലാ എന്ന് തന്നെ പറയാം. ആരെങ്കിലും പ്രവർത്തനത്തിന് ചെന്നാൽ വല്ലതും കിട്ടുമോ എന്ന ചിന്ത ജനങ്ങൾക്കുമുണ്ട്.

30 വർഷങ്ങൾക്ക് മുമ്പ് സഹോ. എം.എസ്. തോമസ് വാളക്കുഴിയാണ് ഇവിടെ ബ്രദറൺ പ്രവർത്തനവുമായി എത്തുന്നത്. പുതിയ നിയമ സത്യങ്ങൾക്ക് അനുസരിച്ചുള്ള സഭാപ്രവർത്തനത്തിൽ വളരെ ശ്രദ്ധിച്ചിരുന്ന ആളായിരുന്നു താൻ. പല സ്ഥലങ്ങളിൽ നിന്നും ഉദ്യോഗത്തിനും മറ്റും വന്നവരും സ്വദേശികളായവരും ചേർന്നുള്ള കൂടിവരവ് ഉണ്ടായി. ഉപദേശത്തിൽ കടുത്ത നിഷ്ഠ പാലിച്ചിരുന്നതിനാൽ ആളുകൾ കുറവാണ്. ബ്രദർ എം.എസ്. തോമസ് കേരളത്തിലേക്ക് മടങ്ങിയപ്പോൾ സുവി. പി.എം. ജെയ്സൺ പ്രവർത്തനം ഏറ്റെടുത്ത് നടത്തിവരുന്നു.

---

**പഴമപ്പുറം**

# യാത്രയയപ്പും മീറ്റിങ്ങുകളും സ്വീകരണയോഗങ്ങളും

**ഇ.പി. വർഗ്ഗീസ്**

(സത്യപ്രകാശിനി 1950 ഒക്ടോബർ)

**യാ**ത്രയയപ്പും മീറ്റിങ്ങുകളും സ്വീകരണയോഗങ്ങളും സർവ്വസാധാരണങ്ങളാണല്ലോ. ആരെ അയക്കയോ സ്വീകരിക്കയോ ചെയ്യുന്നുവോ അവരുടെ അപദാനങ്ങളെ അതിശയോക്തിപരമായി പ്രകീർത്തിക്കയും അവരെ വാനോളം ഉയർത്തി പുകഴത്തുകയും ചെയ്തുയെന്നുള്ളതാണു പ്രസ്തുത യോഗങ്ങളുടെ പ്രധാന ഉദ്ദേശം. സുവിശേഷപ്രവർത്തകന്മാരോടുള്ള ബന്ധത്തിലും ഇമ്മാതിരി യാത്രയയപ്പുകളും സ്വീകരണങ്ങളും നടക്കാറുണ്ട്. ലൗകികപ്രതാപങ്ങളുടെ പ്രകടനത്തിന്നായി കാണിക്കുന്ന ഇങ്ങനെയുള്ള യാത്രയയപ്പുകളും സ്വീകരണങ്ങളും ആത്മീകന്മാരെന്നഭിമാനിക്കുന്നവർപോലും ഉപയോഗപ്പെടുത്തിയിട്ടുള്ളതായി കേട്ടിട്ടുണ്ട്. അങ്ങിനെയുള്ള കാര്യങ്ങളോടു ഈ ലേഖനത്തിനു അകന്ന ബന്ധംപോലുമില്ല.

പ്രവർത്തികളുടെ പുസ്തകം 13–ാം അദ്ധ്യാത്തിൽ ശൗലിനേയും ബർന്നബാസിനേയും പരിശുദ്ധാത്മാവിന്റെ കല്പനയനുസരിച്ചു കർത്താവിന്റെ വേലയ്ക്കായി യാത്രയയച്ചതായി നാം കാണുന്നു. അവർ ഉപവസിച്ചും പ്രാർത്ഥിച്ചു, കൈവെച്ചു അവരെ പറഞ്ഞയച്ചതായിട്ടാണ് എഴുതപ്പെട്ടിട്ടുള്ളത്. യാത്രയയപ്പിനെ സ്പഷ്ടമായി രേഖപ്പെടുത്തിട്ടുണ്ട്. അദ്ധ്യക്ഷന്റെ തെരഞ്ഞെടുപ്പും ഉപക്രമ പ്രസംഗം, അഭിനന്ദപ്രസംഗങ്ങൾ, ഉപസംഹാരം, പൂമാലചാർത്തൽ ഈ വക നടപടിയൊന്നും അവിടെ ഉണ്ടായിരുന്നില്ല. ഈ യാത്രയയപ്പിനെപ്പറ്റി പ്രവൃത്തി 14 ന്റെ 26–ാം വാക്യത്തിൽ പറഞ്ഞിരിക്കുതു. "ദൈവകൃപയിൽ അവരെ ഭരമേൽപ്പിച്ചയച്ചത്" എന്നാണ്, ദൈവകൃപയിൽ ഭരമേൽപ്പിച്ചയക്കുകയെന്നുള്ളതാണ് അവരുടെ യാത്രയയപ്പുകളുടെ ഏകവും പ്രധാനവുമായ ഉദ്ദേശം. അങ്ങനെ അവർ ചെയ്തിരുന്നു. അതു ആവശ്യവുമാണ്. പ്രവൃത്തി 15 ന്റെ 39 വാക്യത്തിൽ പൗലോസിനേയും ശീലസിനേയും കുറിച്ചു ഇതേകാര്യം തന്നെ നാം വായിക്കുന്നു.

മറ്റൊരു യാത്രയയപ്പിനെപ്പറ്റി പ്രവൃത്തികളുടെ പുസ്തകം 20 ന്റെ 36–38 വാക്യത്തിൽ താഴെവരുംപ്രകാരം കാണുന്നു "ഇങ്ങിനെ പറഞ്ഞിട്ടു അവർ മുട്ടുകുത്തി അവരെല്ലാവരോടും കൂടെ പ്രാർത്ഥിച്ചു വളരെ കരഞ്ഞു. ഇനിമേൽ അവന്റെ മുഖം കാൺകയില്ല എന്നു പറഞ്ഞ വാക്കിനാൽ അവർ ഏറ്റവും ദു:ഖിച്ചു പൗലോസിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു കപ്പലോളം അവനോടുകൂടെ വന്നു അവനെ യാത്രയയച്ചു" ശരിയായ ഒരു യാത്രയയപ്പിന്റെ ചടങ്ങുകൾ, നമുക്കിവിടെ കാണാവുന്നതാണ്. ഒരുമിച്ചുള്ള പ്രാർത്ഥന, സ്നേഹപ്രകാശനം (കരച്ചിൽ കെട്ടിപ്പിടിക്കൽ, ചുംബനം) സഹയാത്ര (കപ്പൽവരെ). ഈ യാത്രയയപ്പിനു യാതൊരു കാര്യപരിപാടിയും ഉണ്ടായിരുന്നില്ല. എത്രയും ഹൃദ്യവും, സ്വാഭാവികവും, ദൈവപ്രസാദകരവും ആയി നടന്ന ഒരു യാത്രയയപ്പായിരുന്നു അത്. ഭാവനകളോ, വർണ്ണനകളോ, പ്രകടനങ്ങളോ, ഒന്നും കൂടാതെ ഏറ്റം ലളിതമായ രീതിയിൽ നടന്നു. അങ്ങനെ നടക്കാതിരിപ്പാൻ കഴിയുമായിരുന്നില്ല.

ഈ ഭാഗങ്ങൾ എത്രയോ പ്രാവശ്യം ഇതിനുമുമ്പെ വായിച്ചിട്ടുള്ളവതന്നെയങ്കിലും അടുത്തസമയം അവരുടെ പ്രാധാന്യം കൂടുതൽ പ്രകാശിച്ചു കാണുന്നതിനു മുഖന്തിരമായി ഭവിച്ച ഒന്നു രണ്ടു സംഭവങ്ങളുണ്ട്. ഒരു സ്ഥലത്തു ഏതാനും കൊല്ലങ്ങൾ ജോലി ചെയ്തു താമസിച്ച ഒരു സഹോദരൻ കർത്താവിന്റെ വിളിയനുസരിച്ചു ജോലി രാജി കൊടുത്തു സുവിശേഷവേലചെയ്വ്വാൻ ആ സ്ഥലം വിട്ടുപോരികയുണ്ടായി. ആ സ്ഥലത്തു, ആ സഹോദരങ്ങൾ കൂട്ടായ്മ ചെയ്തുകൊണ്ടിരുന്ന ഒരു സഭയുണ്ട്. ആ സഭയിൽ ഈ കാര്യത്തെപ്പറ്റിയെല്ലാം പറകയും ചെയ്തിരുന്നു. ആ സഹോദരൻ കുടുംബസഹിതം അവിടെ നിന്നും പുറപ്പെട്ടു പോരുമ്പോൾ അവിടെയുള്ളവർ പ്രാകാശിപ്പിച്ചതായി എനിക്കറിവാനിടവന്ന മനോഭാവം മേലുദ്ധരിച്ചിരിക്കുന്ന വേദഭാഗങ്ങളെ എന്റെ ഓർമ്മയിൽ കൊണ്ടുവരാനിടയായി. സഹോദരന്റെ സാമാനങ്ങൾ പാസ്സാക്കിക്കഴിഞ്ഞശേഷം ടിക്കറ്റിനുള്ള പണം തികയുമായിരുന്നില്ലെന്നും ഈ കാര്യങ്ങളൊന്നും അറിയാതെ അവിടെവന്ന ഒരു സഹോദരൻ ഇവരുടെ പണത്തിന്റെ പ്രയാസം അറിഞ്ഞിരുന്നില്ലെങ്കിലും അവർക്കു ടിക്കറ്റു വാങ്ങിക്കൊടുക്കണമെന്ന് അദ്ദേഹത്തിനുണ്ടായ പ്രേരണയനുസരിച്ചു അതു ദൈവനടത്തിപ്പുതന്നെ

*ശേഷം: 4 -ാം പേജിൽ*

## പഴയപുറം

*3 -ാം പേജിൽ നിന്നും തുടർച്ച*

ടിക്കറ്റുവാങ്ങികൊടുത്തതിനാൽ അവിടെ നിന്നും പോരാൻ സാധിച്ചു എന്നുമാണ് അറിഞ്ഞത്. ആ സ്ഥലത്തു ഒരുമിച്ചു അപ്പം മുറിച്ചിരുന്നവരും ഒരുമിച്ചു ജീവിച്ചവരുമായ അനേകം സഹോദരന്മാരുണ്ടായിരുന്നെങ്കിലും, കർത്താവിന്റെ നാമത്തിലും കർത്താവിന്റെ വേലക്കായും ജോലി രാജികൊടുത്തു രാജ്യംവിടുന്ന സഹോദരന്റെ കൂടെ തീവണ്ടി സ്റ്റേഷൻവരെ വരുവാൻ അവർ ശ്രദ്ധിച്ചില്ല.

ഈ കാര്യങ്ങളെപ്പറ്റി പുറപ്പെട്ട സഹോദരൻ എന്നോടു ഒന്നും തന്നെ പറഞ്ഞിട്ടില്ല. മറ്റു ചില മാർഗ്ഗങ്ങളിൽകൂടെ യാദൃശ്ചയാ എനിക്കറിവാൻ ഇടയായതാണ്. ആ സ്ഥലത്തെ ചില സഹോദരന്മാരോടു അവർ നല്ല സഹോദരന്മാരാണ്. ഞാൻ ഈ കാര്യം പറഞ്ഞപ്പോൾ അതു ഞങ്ങളുടെ ശ്രദ്ധക്കുറവിനാൽ സംഭവിച്ച ഒരു പിശകാണെന്നു അവർ സമ്മതിച്ചു. എന്തായാലും എന്റെ ഹൃദയത്തിൽ അതു ഒരു പൊറുക്കാത്ത ഒരു മുറിവുപോലെ അങ്ങനെ ശേഷിച്ചുകിടക്കുന്നു. കർത്താവിന്റെ കരങ്ങളിൽ തങ്ങളെ സമർപ്പിച്ചു സകലവും ഉപക്ഷിച്ചു പുറപ്പെടുന്ന സഹോദരന്മാരോട് സഭകൾക്കും സഹോദരന്മാർക്കുമുള്ള കടപ്പാടുകളെപ്പറ്റി സഹോദരന്മാർക്കുള്ള കടപ്പാടുകളെപ്പറ്റി ശക്തിയായി ഉൽബോധിപ്പിക്കേണ്ടതാണെന്നു അന്നെനിക്കു തോന്നി. പക്ഷെ ഞാൻ അതിനു മുതിർന്നില്ല. ഇപ്പോൾ ഇതു എഴുതുവാനിടയായതു മുൻവിവരിച്ചതുപോലെയുള്ള മറ്റൊരു സംഭവം മൂലമാണ്.

ഇരുനൂറിൽപരം വിശ്വാസികളുള്ള ഒരു സ്ഥലത്തുനിന്നും, ആ സ്ഥലത്തു ജനിച്ചുവളർന്ന ഒരു സഹോദരൻ കർത്താവിന്റെ വേലക്കായി ആ രാജ്യം വിട്ടു കുടുംബസഹിതം വേറൊരു രാജ്യത്തേക്കു പോകുന്നതു യാദൃശ്ചയാ എനിക്കു കാണ്മാനിടയായി. ഞാൻ ആ സ്ഥലത്തെ സ്റ്റേഷനിൽ ചെന്നു ഇറങ്ങിയിട്ട്, പട്ടണത്തിലേക്ക് പോകുന്നതിനു മറ്റു കാരണങ്ങളാൽ അല്പം താമസം നേരിട്ടു. ആ സമയത്താണ് ഈ സഹോദരൻ ഒരു സൈക്കിൾ ഉൾപ്പെടെ ഏതാനും വീട്ടുസാധനങ്ങളും ഭാര്യ, അമ്മ, മൂന്നുകുട്ടികൾ വേറൊരു പെൺകുട്ടി എന്നിവരോടുകൂടെ സ്റ്റേഷനിൽ വരുന്നത്, സൈക്കിളും സാമാനങ്ങളും പാസ്സാക്കുന്നതിനു മറ്റും ആ സഹോദരനു സഹായത്തിനായി ആരും തന്നെ ഉണ്ടായിരുന്നില്ല. ഒരു സഹോദരി അവിടെ വന്നിരുന്നു. ഈ സ്ഥലത്തു എത്രയോ സഹോദരന്മാരുണ്ടായിരുന്നിട്ടും ഒരു ഒറ്റ സഹോദരനെങ്കിലും ഇവിടെ വന്നിട്ടില്ലല്ലോ എന്നു ഞാൻ ആ സഹോദരിയോടു പറഞ്ഞു. അവർ കൈലമർത്തി. ഞാൻ വളരെയധികം അത്ഭുതപ്പെട്ടു. എനിക്കറിയാവുന്നിടത്തോളം ആ രാജ്യത്തെ സകല വിശ്വാസികളും ഈ സഹോദന്റെ കുടുംബത്തോടു വളരെയധികം കടപ്പെട്ടവരാണ്.

മേൽകാണിച്ചിരിക്കുന്ന സംഭവങ്ങൾ രണ്ടും സാധാരണ വിശ്വാസികളുടെ മനോഭാവത്തിന്റെ മാതൃകകളായി കണക്കാക്കാവുന്നതാണ്. വിശ്വാസികൾ പ്രായേണ പ്രാണമയന്മാരും ജഡികന്മാരും ആത്മിക കാര്യങ്ങളെ വിലമതിപ്പാൻ കഴിയാത്തവരുമായിത്തീർന്നിരിക്കുന്നു എന്നതാണ് ഈദൃശസംഭവങ്ങൾ വെളിപ്പെടുത്തുന്നത്. കർത്താവിന്റെ വേലക്കാരിൽ നിന്നും നിരന്തരമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആത്മിക നന്മകളെപ്പറ്റി സഭാംഗങ്ങളിൽ പലർക്കും നന്ദിയോടുകൂടി ഒരു സ്മരണപോലുമില്ല. അനാത്മികന്മാരായ വേലക്കാരുടെ പക്ഷത്തുള്ള വീഴ്ചകളാൽ ഇങ്ങനെ സംഭവിക്കാവുന്നതാണ്. എന്നാൽ മേൽ ഉദ്ധരി ദൃഷ്ടാന്തങ്ങളിൽ അതിന് സ്ഥാനമില്ലെന്നു തീർച്ചയായി പറയാം. എന്റെ ദൃഷ്ടിയിൽ ഇതു ഏറ്റം പരിതാപകരമായ ഒരു സ്ഥിതിയാണ്. കർത്താവിന്റെ വേലക്കാരോടു പ്രാകാശിപ്പിക്കുന്നതിൽ കൂടുതലായ ഒരു ബന്ധം ഒരാൾക്ക് കർത്താവിനോടെ, കർത്താവിന്റെ കാര്യങ്ങളിലോ ഉണ്ടെന്നു കരുതാൻ സാധാരണ ഗതിയിൽ സാദ്ധ്യമല്ല.

തങ്ങളുടെ മദ്ധ്യേ നിന്നും പോയിരിക്കുന്ന വേലക്കാരോടു പില്ക്കാലത്തു ഈ സഭകൾ എങ്ങനെ വർത്തിക്കും എന്നുള്ളതിന്റെ ഒരു നാന്ദിയായും കൂടെ ഇതു ഇരിക്കാവുന്നതാണ്. കൂടുതലായ അനുമാനങ്ങളിലേക്കു പോകണമെന്നില്ല. ഇമ്മാതിരികാര്യങ്ങൾ നമ്മുടെ മദ്ധ്യേ ആവർത്തിക്കപ്പെടാതിരിക്കട്ടെ.

നമ്മുടെ ഇടിയിൽ നിന്നും ഇനിയും പലരും പലസ്ഥലങ്ങൾക്കായിപോകുമെന്നുള്ളതിൽ സംശയമില്ല. ദൈവസന്നിധിയിൽ അക്കര്യം തീരുമാനിച്ചുകഴിഞ്ഞ ചിലരെക്കുറിച്ചു നമുക്ക് അറിവാനിടയായിട്ടുണ്ട്. അവർ ശുശ്രൂഷിച്ചുകൊണ്ടിരുന്നിട്ടുള്ള സഭകൾ അവരോടു യോഗ്യമായിത്തന്നെ വർത്തിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. പ്രതീക്ഷ എപ്പോഴും നന്നായിത്തന്നെയാണല്ലോ ഇരിക്കേണ്ടത്. യോഹന്നാന്റെ മൂന്നാം ലേഖനത്തിൽ ഇങ്ങനെ വായിക്കുന്നു. "പ്രിയനെ നീ സഹോദരന്മാർക്കും വിശേഷാൽ അതിഥികൾക്കും വേണ്ടി അദ്ധ്വാനിക്കുന്നതിൽ ഒക്കെയും വിശ്വസ്തനായികണ്ടിരിക്കുന്നു...നീ അവരെ ദൈവത്തിനു യോഗ്യമാകുംവണ്ണം യാത്രയയച്ചാൽ നന്നായിരിക്കും. തിരുനാമം നിമിത്തമല്ലൊ അവർ ജാതികളോടു ഒന്നും വാങ്ങാതെ പുറപ്പെട്ടത്" ഇവിടെ ദൈവത്തിനു "യോഗ്യമാകുംവണ്ണം" യാത്രയയക്കണമെന്നു പറഞ്ഞിരിക്കുന്നു. ഈ ഭാഗത്തു കാണുന്ന "യോഗ്യത" യിൽ അവർക്കു ചെയ്യേണ്ടുന്ന ധനപരമായ സാഹയവുംകൂടെ ഉൾപ്പെടുന്നു. ദീർഘനാളുകൾ ഒരിടത്തു വേലചെയ്തു താമസിച്ചവരെപ്പറ്റിയാണ് ഇങ്ങനെ പറയുന്നതെന്നു തോന്നുന്നില്ല. ഓരോ സഭകളും സന്ദർശിച്ചു സഞ്ചരിച്ചു പ്രവർത്തിച്ചുവന്നവരേയാണു ഇവിടെ ഉദ്ദേശിക്കുന്നത്. അങ്ങനെയെങ്കിൽ നമ്മുടെ മദ്ധ്യേ ദീർഘനാളുകൾ അദ്ധ്വാനിച്ചവരോടും നമ്മുടെ മദ്ധ്യേനിന്നു അന്യദേശങ്ങളിലേക്കു വേലക്കായിപോകുന്നവരോടും നമ്മുക്കുള്ള കടപ്പാടുകൾ എത്ര വലുതാണ്. അവരെ ദൈവത്തിനു യോഗ്യമാകുംവണ്ണം യാത്രയയക്കേണ്ടതു ആവശ്യമല്ലേ?

സ്വീകരണത്തപ്പറ്റിയും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. നമ്മുടെ മദ്ധ്യത്തിലേക്കു വരുന്ന കർത്തൃദാസന്മാരെ നാം എങ്ങനെ സ്വീകരിക്കണമെന്നുള്ളതും കുറിക്കൊള്ളുവാൻ ആവശ്യമുള്ള ഒരു കാര്യമാണ്. തന്റെ ശിഷ്യന്മാരെ കൈക്കൊള്ളുന്നതിനെപ്പറ്റി കർത്താവുതന്നെ പറകയുണ്ടായിട്ടുണ്ട്. "നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു" ഇങ്ങനെയാണു അവിടുന്നു ഒരുളിച്ചെയ്തത്. "വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം" റോമർക്കു എഴുതിയ ലേഖനത്തിൽ നാം വായിക്കുന്നു.

നമ്മുടെ മദ്ധ്യേ വരുന്ന കർതൃദാസന്മാരെ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം നാം സ്വീകരിക്കയെന്നുള്ളതു വളരെ പ്രാധാമായ ഒരു കാര്യമാണ്. പ്രതാപപ്രകടനത്തിനായുള്ള ആഡംബരത്തോടുകൂടിയ എതിരേൽപ്പുകളല്ല, അകമഴിഞ്ഞ സ്നഹത്തിൽനിന്നുള്ള സ്വീകരണങ്ങളാണു ആവശ്യം. അങ്ങനെ ചെയ്യുന്നതു കർത്താവിന്റെ ദാസന്മാരുടെ കൈകളെ ബലപ്പെടുത്തുന്നതിനു വളരെ ഉപകരിക്കുന്നതാണ്. പ്രവൃത്തി 28-ൽ താഴെ വരും പ്രകാരം വായിക്കുന്നു. "അവിടത്തെ സഹോദരന്മാർ ഞങ്ങളുടെ വർത്തമാനം കേട്ടിട്ടു അപ്പ്യപുരവും ത്രിമണ്ഡപവുംവരെ ഞങ്ങളെ എതിരേറ്റുവന്നു. അവരെ കണ്ടിട്ടു പൗലോസ് ദൈവത്തെ വാഴ്ത്തി ധൈര്യം പ്രാപിച്ചു.

എന്നെ വളരെ സന്തോഷിപ്പിച്ച ഒരു ഭാഗമാണ്. "അവരെ കണ്ടിട്ടു പൗലോസ് ദൈവത്തെ വാഴ്ത്തി ധൈര്യം പ്രാപിച്ചു എന്നുള്ളത്. പൗലോസ് വലിയ ധീരനാണെന്നു നമുക്കു അറിയാം. എന്നാലും സഹോദരന്മാരുടെ സ്വീകരണം അവനെ ധൈര്യപ്പെടുത്തി ഇത് അനുഭവത്താൽ മാത്രം മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യമാണ്. പൗലോസ് എത്രയും വിഷമകരമായ സാഹചര്യങ്ങളിൽകൂടി റോമിലേക്കു ചെല്ലുകയായിരുന്നു. അവൻ ഒരു തടവുകാരനായിട്ടാണു അങ്ങോട്ടു ചെന്നത്. സഹോദരന്മാരുടെ വരവുകൊണ്ടു പൗലോസിന്റെ സാഹചര്യങ്ങൾക്കു മാറ്റമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ റോമയിലുള്ള സഹോദരന്മാർ തന്നെ ഓർക്കയും അപ്പ്യപുരവും ത്രിമണ്ഡപവും കടന്നു തന്നെ കാണുവാൻ വരികയും ചെയ്തു എന്നുള്ളത് അവന്റെ ഹൃദയത്തിനു ഒരു നവജീവൻ തന്നെ നല്കി.

വലിയ ആത്മചൈതന്യത്തോടുകൂടെയായിരുന്നാലും ചില സ്ഥലങ്ങളിൽ കടന്നുചെന്നാൽ സകല ചൈതന്യവും അസ്തമിക്കുന്നതുപോലെയും മറ്റു ചില സ്ഥലങ്ങളിൽ നേരെമറിച്ച് അനുഭവപ്പെടാറുണ്ട്. നമ്മുടെ മദ്ധ്യേ വരുന്നവർ നമ്മെ കണ്ടിട്ടു ദൈവത്തെ വാഴ്ത്തി ധൈര്യം പ്രാപിക്കത്തക്ക ഒരു നിലയിൽ നമ്മൾ അവരെ ആദരിക്കയും സ്വീകരിക്കയും ചെയ്യേണ്ടതാണ്. അവർ നമ്മുടെ മദ്ധ്യേ ഞരങ്ങിപ്പോകുവാൻ ഒരിക്കലും ഇടയാകരുത്.

ഒരു മിഷ്യനറി വിദേശത്തുവെച്ചു അദ്ദേഹത്തിനുണ്ടായ ഒരനുഭവം ഈ എഴുത്തുകാരനോടു പറഞ്ഞത് താഴെവരും പ്രകാരമാണ്. അദ്ദേഹം ഒരു സഭയിൽ ഞായറാഴ്ച സംബന്ധിക്കുകയും യോഗത്തിൽ സംസാരിക്കുകയും ചെയ്തു. യോഗം കഴിഞ്ഞു എല്ലാവരും കൈകൊടുത്തു പിരിഞ്ഞുപോയി. വൈകുന്നേരത്തും അങ്ങനെ തന്നെ സംഭവിച്ചു. രാത്രി കഴിച്ചുകൂട്ടുന്നതിനു അവിടെ അദ്ദേഹത്തിന്നു സ്ഥലമൊന്നും മുണ്ടായിരുന്നില്ല. പണവും കുറവായിരുന്നു. എറ്റവും കുറഞ്ഞ ചെലവിൽ കഴിച്ചുകൂട്ടാവുന്ന ഒരു ഹോട്ടൽ കണ്ടുപിടിച്ചു അന്നു രാത്രി കഴിച്ചുകൂട്ടി. അദ്ദേഹം വളരെ ഉത്തമനായ ഒരു ദൈവദാസനാണ്. കർത്താവിന്റെ കരങ്ങളിൽനിന്നും അദ്ദേഹം അതു സ്വീകരിച്ചതിനാൽ അദ്ദേഹം ഇക്കാര്യം എന്നോടു പറഞ്ഞ വിധം ഞാൻ പ്രത്യേകം ഓർക്കുന്നുണ്ട്. യാതൊരു കൈപ്പും അദ്ദേഹത്തിന്നില്ലായിരുന്നു. എന്നാൽ അവിടുത്തെ സഭയ്ക്കു അതു ഭൂഷണമായിരിക്കുമോ?

ഈ കാര്യം സംബന്ധിച്ചു കൂടുതലൊന്നും പറയുന്നില്ല. സഭകളും വ്യക്തികളും സുവിശേഷ പ്രവർത്തകരോടുള്ള ന്യായമായ കടപ്പാടുകളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതു അവരുടെ സ്വന്തം ക്ഷേമത്തിനും ഒഴിച്ചുകൂടാത്തതാണ്.

### EBENEZER GOSPELL HALL
### (CHRISTIAN BRETHREN ASSEMBLY)

**This circular is issued by the Brethren Assembly gathering to the name of the Lord at Ebenezer Gospel Hall, Syrian Church Road No 3, Coimbatore, 641001 for the benefit and the interest of the parents studying in various colleges, particularly to those in Karunya University Coimbatore.**

**We find that a number of students admitted to colleges in Coimbatore go without worship and ministry on Sundays having been in prayer for to many years the Lord has provided us with a place for worship very near to the Karunya University. We therefore make it known to the parents of these children and to the elders of their Assembly to give letters of commendation to their wards so that they may contact us and get the benefit of Sunday worship. We are arranging someone from the Assembly to travel the distance of nearly 35 km to this University for these purpose. Therefore it is important for is to know the spiritual status of the students studying there. Your letter of commendation should help us in this matter.**

**For any further information you may please contact any one of the following brethren, whose contact numbers are given against their names.**

(1) Evg. JOSEPH RAJAN - 9843225330

(2 Dr. DINESH SAMUEL – 9894033653

(3) Bro. CHACKO VARGHESE -735871710

**Yours in the Lord**

**For and the behalf of the Elders of Ebenezer gospel Hall, Coimbatore.**
**K.P. MATHEW**

ഭാവന

# "ഒരു അനുഭവസാക്ഷ്യം"

ജിജി ബിജു (എൽമി, ബാംഗ്ലൂർ)

മോവാബ് ദേശക്കാരിയാണ് ഞാൻ. യഹൂദാ ദേശത്ത് ഞാൻ എത്തപ്പെട്ടത് ദൈവനിമിത്തം എന്നല്ലാതെ മറ്റൊരു വാക്കും പറയാൻ എനിക്ക് കഴിയില്ല. ഞങ്ങളുടെ പത്താം തലമുറയ്ക്കു പോലും യഹോവയുടെ സഭയിൽ പ്രവേശിക്കാനുള്ള യോഗ്യത ഇല്ലാത്തവരാണ് (ആവ. 23:3) എന്ന ദൈവീകവിധി കൂടി ഓർക്കുമ്പോൾ എന്റെ ജീവിതത്തിൽ സംഭവിച്ചത് മുഴുവനും വിസ്മയകരമായി മാത്രമേ എനിക്ക് കാണുവാൻ കഴിയുന്നുള്ളൂ.

ഒന്നാമത്തെ ന്യായാധിപനായ ഒത്നിയേലിന്റെ കാലത്ത് അപ്പത്തിന്റെ ഭവനം എന്നർത്ഥമുള്ള യഹൂദ്യയിലെ ബേത്‌ലഹേമിൽ അതിരൂക്ഷമായ ക്ഷാമത്താൽ ജനങ്ങൾ പൊറുതിമുട്ടുന്ന സാഹചര്യത്തിൽ എലീമേലെക്കും നവൊമിയും സുന്ദരന്മാരായ അവരുടെ രണ്ട് ആൺമക്കൾ സമേതം ഞങ്ങളുടെ ദേശത്തേക്ക് പലായനം ചെയ്തു. നിങ്ങളിൽ പലരും ചെയ്യുന്നതുപോലെ ദൈവം നടത്തുന്ന അനുകൂലസാഹചര്യങ്ങളിൽ മാത്രം പാട്ടും, പ്രാർത്ഥനയും. ആഹ്ലാദവും, കൂട്ടായ്മയും. ദൈവം അനുവദിക്കുന്ന പ്രതികൂലസാഹചര്യങ്ങളിൽ പിറുപിറുപ്പും, സ്വന്തബുദ്ധിയിൽ ഊന്നി ദൈവവഴി വിട്ട് ഓടുന്ന പ്രകൃതവും ഈ കുടുംബത്തിലും ഞാൻ ദർശിച്ചു.

ദൈവം അവരുടെ കണ്ണുതുറപ്പിക്കുവാനെന്നവണ്ണം ആവാം ആ കുടുംബം ഞങ്ങളുടെ നാട്ടിൽ വന്നിട്ടും ശരിയ്ക്കും സ്വസ്ഥത അനുഭവിക്കുന്നത് ഞങ്ങൾ കണ്ടിട്ടില്ല. ദൈവത്തിന്റെ സ്വന്തം ആൾക്കാർ ആയ അവരുടെ ബന്ധത മോവാബ്യരായ ഞങ്ങളോട് ആയിരുന്നു എന്നതും അവരുടെ ആത്മീക സ്ഥിതി എത്രയെന്ന് ബോദ്ധ്യപ്പെടുത്തുവാൻ പറ്റുന്ന ഒരു കാര്യമായി എനിക്ക് തോന്നുന്നു. ഭൗമികമായും, ആത്മീകമായും അവർ അധഃപതിച്ചു എന്നു തെളിവായി പറയുന്നതാകും കുറേക്കൂടി ഉചിതം. അവിശ്വാസികളായ ഞങ്ങളോടു ഇണയല്ലാ പിണ കൂടിയത് ഇപ്പോൾ എനിക്ക് വളരെ ആശ്ചര്യമായി തോന്നുന്നു. ഞാനും ഓർപ്പ എന്നു പേരുള്ള എന്റെ സഹോദരിയും മഹ്ലോൻ എന്നും കില്യോൻ എന്നും പേരുള്ള ആൺമക്കളിൽ ഓരോരുത്തരെ വിവാഹം കഴിച്ചു. ഞങ്ങളുടെ അമ്മായിയപ്പനെ ഞങ്ങൾ കണ്ടിട്ടേയില്ല. അദ്ദേഹത്തിന്റെ മരണശേഷം അമ്മായിയമ്മയായ നൊവോമിയുടെ താത്പര്യത്തിലായിരുന്നു വിവാഹം നടന്നത്.

ഞങ്ങളുടെ ദാമ്പത്യജീവിതത്തിന് അല്പായുസ്സേ ഉണ്ടായിരുന്നുള്ളൂ. കഷ്ടിച്ച് പത്തു വർഷം മാത്രം. അച്ചായന്മാർ രണ്ടുപേരും ഇഹലോകവാസം വെടിഞ്ഞത് എനിക്കും, ഓർപ്പയ്ക്കും, മമ്മിയ്ക്കും താങ്ങാനാവുന്നതിലും വലിയ ഒന്നു തന്നെയായിരുന്നു. ഇതെല്ലാം ഓർക്കുമ്പോൾ ഞാൻ ഇങ്ങനെയും കൂടി ചിന്തിച്ചു പോവുകയാണ്. ഒരു പക്ഷെ ഞങ്ങളുടെ അമ്മായിയമ്മയുടെ നിർബന്ധത്താലാവണം അപ്പച്ചൻ അനുഗ്രഹത്തിന്റെ ദേശം വിട്ട് ശാപഗ്രസ്ഥരായ ഞങ്ങൾ പാർക്കുന്നിടത്തേക്ക് കുടിയേറിയത്. മൂന്നു വിധവകളെ ഒരു ഭവനത്തിനുള്ളിൽ സമ്മാനിക്കാൻ മാത്രമേ ഈ കുടിയേറ്റം കൊണ്ട് സാദ്ധ്യമായുള്ളൂ എന്നോർക്കുമ്പോൾ എന്റെ ഉള്ളിൽ ഭയം ഇല്ലാതില്ല.

ദൈവം തന്റെ വിശ്വസ്തതയും, കരുണയും മുഖാന്തിരം ബേത്‌ലഹേമിനെ പിന്നെയും സന്ദർശിക്കുന്നതും, അവിടെ ക്ഷാമം മാറി ക്ഷേമം വന്നതും ഒക്കെ മമ്മി അറിഞ്ഞിട്ട് അങ്ങോട്ടേക്ക് തിരിച്ചുപോകുവാൻ തീരുമാനിച്ചുറച്ചു. വാത്സല്യത്തോടെ ഞങ്ങളെ വിളിച്ച് അനുഗ്രഹവചസ്സുകൾ പറഞ്ഞശേഷം നിങ്ങൾ മോവാബിൽ തന്നെ പാർത്തോളിൻ എന്നു പറഞ്ഞു, ഇനി നിങ്ങൾ എന്റെ കൂടെ വന്നാൽ എനിക്കിനി മക്കളില്ലാത്തതിനാൽ ഞാൻ നിങ്ങൾക്ക് വീണ്ടും അമ്മാവിയമ്മയാകാൻ തക്ക വണ്ണം ഒരു സാദ്ധ്യതയില്ല എന്നൊക്കെയുള്ള ധ്വനിയിൽ ഒത്തിരി ഉപദേശങ്ങൾ നൽകി. മമ്മിക്ക് ഒരു കാര്യം മനസ്സിലായി. "യഹോവയുടെ കൈ മമ്മിയ്ക്ക് വിരോധമായി പുറപ്പെട്ടിരിക്കുന്നു എന്ന്" അതുകൊണ്ടൊക്കെ ഞങ്ങളെയും കൂടി കൂട്ടി തിരിച്ചുപോകുവാൻ മടി കാണിച്ചു.

ഒർപ്പാ പെട്ടെന്ന് താൽക്കാലിക നന്മയെ ഓർത്ത് അമ്മായിയമ്മയെ സ്നേഹിക്കുന്നു എന്നു വരുത്തി തീർക്കാൻ ഒരു പൊട്ടിക്കരച്ചിലൊക്കെ പാസ്സാക്കി. എന്റെ മനസ്സ് അവിടെ വച്ചു അതിന് എന്നെ അനുവദിച്ചില്ല. ഞാൻ അമ്മായിയമ്മയെ വട്ടം പിടിച്ചു, മമ്മി അരുതേ. മമ്മിയെ വിട്ടുപിരിയാനും എന്റെ ദേശത്തും, ദേവന്മാരെ സേവിച്ചും കഴിയാനും പറയരുതേ. മമ്മിയുടെ സ്വന്ത ആൾക്കാരും, ദേശവും, ദൈവവും മതിയെനിക്ക്. കഴിഞ്ഞ പത്തുവർഷക്കാലം കൊണ്ട് മമ്മിയെയും, മമ്മിയുടെ ദൈവവിശ്വാസത്തെയും, മമ്മിയുടെ ആൾക്കാരെയും ഒക്കെ നന്നായി അറിവാൻ ഇടയായപ്പോൾ ഞാൻ ജനിച്ച ദേശം, ഞങ്ങളുടെ ദേവന്മാർ, ഞങ്ങളുടെ സ്വന്തബന്ധുക്കൾ എല്ലാരേക്കാളും അവർ എന്തുകൊണ്ടും ശ്രേഷ്ഠർ തന്നെയാണ് എന്ന് വ്യക്തമായി എനിക്ക് ബോധ്യപ്പെട്ടു. അമ്മായിയമ്മയാണേലും വലിയ സ്നേഹവും, കരുതലും, മാനസ്സാന്തരത്തിന്റെ അനുഭവവും പറ്റിയ തെറ്റിൽ മനംനൊന്ത് തിരുത്തി ജീവിക്കുന്നതും എല്ലാം എല്ലാം മമ്മിയുടെ നല്ല മാതൃക തന്നെയാണ്.

മമ്മി അവസാനം എന്റെ തീരുമാനത്തെ അംഗീകരിച്ചു. അൽപ്പം ക്ലേശകരമായ യാത്രയാണ് ഞങ്ങളുടെ മുമ്പിൽ ഉണ്ടായിരുന്നത്. മോവാബിൽ നിന്നും ബേത്‌ലഹേമിൽ എത്തുക എന്നത് ഇത്തിരി സാഹസം തന്നെ. പ്രത്യേകിച്ചും ഞങ്ങൾ പെണ്ണുങ്ങൾക്ക്. നിങ്ങളുടെ കാലത്തെപ്പോലെ വിമാനമോ, ആഡംബരക്കാറു പോയിട്ട് സൈക്കിൾ പോലും ഇല്ലാത്ത കാലത്തു നടന്ന് ആണ് ബേത്‌ലഹേമിൽ ഞങ്ങൾ എത്തിയത്.

പറയാതിരിക്കാൻ വയ്യ. അമ്മാവിയമ്മ പരമാർത്ഥി തന്നെയാണ്. ഞങ്ങൾ പട്ടണത്തിൽ പ്രവേശിച്ചതും പട്ടണക്കാർ എല്ലാവരും നൊവോമി എത്തി എന്ന് പറഞ്ഞു അതീവ സന്തോഷം പ്രകടിപ്പിച്ചെങ്കിലും വിനയാന്വിതയായി മമ്മി പറഞ്ഞു "നൊവോമി എന്നല്ല മാറ എന്ന് എന്നെ വിളിപ്പിൻ" ദൈവഹിതത്തിനെതിർ നിന്ന എന്നോടുള്ള ദൈവീക ഇടപെടലാണ് ഞാൻ കഴിഞ്ഞ കാലങ്ങളിൽ കടന്നു പോയ ദുരിതവഴികൾ. നിങ്ങളിൽ പലരേയും ദൈവത്തെയും, തന്റെ വഴികളെയും മറന്ന് ഞാൻ ക്ഷണിക സുഖസൗകര്യങ്ങൾ തേടി പോയതാണ് മോവാബിൽ. പക്ഷേ ഒരു വിധവയായി ഞാൻ തിരിച്ചു വന്നു. മക്കൾ നഷ്ടപ്പെട്ടു. എന്റെ അമ്മായിയമ്മയുടെ ഈ എളിമ സഹോദരിമാരെ നമുക്കെല്ലാം ഉണ്ടായിരുന്നെങ്കിൽ വീട്ടിലും, ദേശത്തും, സഭയിലും നമ്മൾ മുഖാന്തിരം ഒരു പ്രശ്നവും വരില്ലായിരുന്നു.

*ശേഷം: 7-ാം പേജിൽ*

---

*3 -ാം പേജിൽ നിന്നും തുടർച്ച*

## ക്രിസ്തു: വിമോചന പോരാളിയല്ല;

തിരുവനന്തപുരത്തെ ചിത്രപ്രദർശനത്തിൽ ക്രിസ്തുവിനെ ആദരിക്കുകയായിരുന്നു എന്നു പിണറായി വിജയനും മറ്റു സഖാക്കളും ന്യായീകരിച്ചുകണ്ടു. ക്രിസ്തു എന്ന വിപ്ലവകാരിയെയാണത്രേ ഈ വിധത്തിൽ ആദരിച്ചത്. മാർക്സിന്റേയും ഏംഗത്സിന്റേയും ജോസഫ് സ്റ്റാലിന്റേയും ചെഗുവേരയുടേയും ഒപ്പം ക്രിസ്തുവിനെ ഒരു വിപ്ലവകാരിയാക്കി കാണുവാൻ, ക്രിസ്തു യഹൂദമതത്തിനെതിരെയോ റോമൻ സാമ്രാജ്യത്തിനെതിരെ സായുധ വിപ്ലവം നയിച്ചിട്ടുണ്ടോ? ഭരണകൂടത്തെ അട്ടിമറിച്ച് ഒരു സമാന്തര ഭരണകൂടത്തിനു രൂപം നൽകിയോ? ആയുധമേന്തിയ ഒരു സൈന്യം ക്രിസ്തുവിനുണ്ടായിരുന്നുവോ? ക്രിസ്തു വാളോ ഇതര ആയുധങ്ങളോ ഉപയോഗിച്ചോ? സ്വയരക്ഷയ്ക്കുവേണ്ടിപ്പോലും ക്രിസ്തു ആയുധം ഉപയോഗിച്ചോ? വാൾ ഉറയിലിടുക, വാളെടുക്കുന്നവൻ വാളാലെ എന്നു പറഞ്ഞ ക്രിസ്തു വാൾ നിരോധിച്ചവനാണ്. നിയന്ത്രിച്ചവനാണ്. ഒരു ചെകിട്ടത്ത് അടിച്ചാൽ മറ്റേചെകിടും കാണിച്ചുകൊടുക്കണം എന്നു നിർദ്ദേശിച്ചവനാണ്. ക്രിസ്തുവിന്റെ ആയുധം ക്ഷമയും സഹനവും സഹിഷ്ണുതയുമായിരുന്നു. ഇവിടെ ക്രിസ്തുവിനെ ഒരു വിപ്ലവകാരിയായി പരിമിതപ്പെടുത്തുന്നത് ഒരിക്കലും ക്രിസ്തുവിനെ ആദരിക്കലായി പരിഗണിക്കാനാവില്ല.

ഇതെഴുതുമ്പോൾ കിട്ടിയ 5-ാം തീയതി ഞായറാഴ്ചയിലെ മനോരമ പത്രത്തിൽ മറ്റൊരു വാർത്തയും ചിത്രവും കണ്ടു. ക്രിസ്തുവിനെ ബന്ധിപ്പിച്ചുള്ള ചിത്രീകരണങ്ങളുടേയും പ്രചാരണങ്ങളുടേയും പുറകിലുള്ള ശുദ്ധതന്ത്രം പുറത്തുവന്നിരിക്കുന്നു. "ഇതു മുതലാളിത്തത്തിന്റെ അവസാന അത്താഴം... പ്രത്യാശ മാർക്സിസത്തിൽ മാത്രം" എന്നെഴുതിയിരിക്കുന്നത് ക്രിസ്തുവിനെ ഒബാമയാക്കി ചിത്രീകരിച്ചുള്ള "അന്ത്യ അത്താഴ"ത്തിന്റെ ചിത്രത്തോടൊപ്പം സി. പി.എം. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തിരുവനന്തപുരം തൃക്കണ്ണാപുരത്തു സ്ഥാപിച്ച ഈ ഫ്ളെക്സ് ബോർഡ് ക്രിസ്തുവിനെ ആദരിക്കലിന്റെ ഭാഗമായിട്ടാണെന്ന് നാളെ ഒരു പാഠഭേദം പാർട്ടിയിൽ നിന്നും വരാവുന്നതാണ്. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തായും യൂഹാനോൻ മാർമിലിത്തിയോസ് മെത്രാപ്പോലീത്തായും വ്യാജ ഡാവിഞ്ചി ചിത്രത്തെ ന്യായീകരിച്ചും അഭിനന്ദിച്ചും പത്രപ്രസ്താവനകൾ നടത്തി എന്നു വരാം. ദേശാഭിമാനി 5-ാംതീയതിയിലെ ഞായർ പത്രത്തിൽ ഈ മെത്രാപ്പോലീത്താമാർ "അന്ത്യ അത്താഴ"ത്തിനും മുമ്പുള്ള പാർട്ടി നിലപാടുകൾ ശരിവെച്ചും അഭിനന്ദിച്ചും പിന്തുണച്ചും നല്കിയ പ്രസ്താവനകൾ ആഘോഷമായി തന്നെ ചേർത്തിട്ടുണ്ട്.

പാർട്ടിയുടെ ഈ സമീപനവും ഇടപെടലും അത്യന്തം ദുരുദ്ദേശപരവും പ്രതിഷേധാർഹവുമാണ്. പാർട്ടി നേതാക്കന്മാർ യാഥാർത്ഥ്യ ബോധത്തോടെ കാര്യങ്ങൾ വിലയിരുത്തുവാൻ തയ്യാറാകണം. ക്രിസ്തുവിനെ ഇകഴ്ത്തുവാൻ കാറൾ മാർക്സും, ഫ്രഡറിക്ക് ഏംഗത്സും മൗനാനുവാദം പോലും നല്കുകയില്ല. അത്തരമൊരു പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടി അവരുടെ തെറ്റു തിരുത്തണം. 1973 ൽ ഫാ. ഗുസ്താവോ ഗുറ്റിരസ് Theology of Like ration എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ച പശ്ചാത്തലത്തിൽ "വിമോചന ദൈവശാസ്ത്രം" (ലിബറേഷൻ തിയോളജി) എന്ന ഒരു ചിന്താപദ്ധതി നിലവിൽവന്നു. അതിന്റെ സാഹചര്യത്തിലാണ് ക്രിസ്തു "വിപ്ലവകാരി"യായും "വിമോചനപോരാളി"യായും ചിത്രീകരിക്കപ്പെടുന്നത്. എന്നാൽ ഇവിടെ അടിസ്ഥാനപരമായ ചില യാഥാർത്ഥ്യങ്ങൾ വിട്ടുകളയുകയോ അവഗണിക്കുകയോ ചെയ്തിട്ടുണ്ട്. തിയോളജിയുടേയും ക്രിസ്റ്റോളജിയുടേയും സോറ്റീരിയോളജിയുടേയും അടിസ്ഥാനത്തിൽ ബൈബിളികമായ സുപ്രധാന നിലപാടുകൾ ഇവയാണ്. 1. ക്രിസ്തു ചരിത്രപുരുഷനാണ്. 2. ക്രിസ്തുവിന്റെ കാൽവരിയിലെ മരണം വെറുമൊരു രക്തസാക്ഷിമരണമോ റോമൻ സാമ്രാജ്യമോ യഹൂദ പുരോഹിതവർഗ്ഗമോ നല്കിയ ശിക്ഷയോ അല്ല. അത് മാനവരാശിയുടെ പാപത്തിന്റെ പരിഹാരാർത്ഥമുള്ള പ്രതിമരണമായിരുന്നു. ക്രിസ്തു പാപപരിഹാരകനാണ്. 3. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ നീതികരണവും ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ അടയാളവുമാണ്. ക്രിസ്തു ജനകോടികളുടെ ആരാധനാപാത്രമാണ്. ക്രിസ്തു ആരാധ്യനാണ്. ഇത് ജനകോടികളുടെ വിശ്വാസമാണ്. ഈ അടിസ്ഥാനധാരണകളെ അവഗണിച്ചും വികലമാക്കിയും പുതിയൊരു ക്രിസ്തു ചരിത്രം തയ്യാറാക്കുവാൻ പാർട്ടിശ്രമിക്കേണ്ടതില്ല. അത്തരം ക്രിസ്തുവിരുദ്ധ സമീപനങ്ങളും ഇടപെടലുകളും പാർട്ടി ഉപേക്ഷിക്കുകതന്നെ വേണം. ബൈബിളികമായി തിയോളജിയും ക്രിസ്റ്റോളജിയും സോറ്റീരിയോളജിയും അവഗണിച്ചുകൊണ്ട് മെത്രാപ്പോലീത്തമാർ പോലും ക്രിസ്തു വിരുദ്ധ നിലപാടുകൾ എടുത്താൽ അവയെ അർഹിക്കുന്ന അവഗണനയോടെ കേരളത്തിലെ പ്രബുദ്ധരായ ക്രൈസ്തവ സമൂഹം തള്ളിക്കളയും എന്നതിനും സംശയമില്ല.

# കാട്ടുകല്ലിൽ നിന്ന് ഇടപ്പുല്ലിലേക്കൊരു സ്നേഹപാത

എം.വി.ബാബു കല്ലിശ്ശേരി:

**മേ**ക്കൊഴൂരും കീക്കൊഴൂരും പത്തനംതിട്ട ജില്ലയിലെ സമീപ ഗ്രാമങ്ങൾ. കുന്നും ചെറിയ മലകളും ഇരു ഗ്രാമങ്ങളിലും സമൃദ്ധം. ഗ്രാമത്തിന്റെ നിഷ്കളങ്കതയും സ്നേഹഭാവങ്ങളും പരസ്പര സഹകരണവും ഇഴ ചേർന്നു കിടക്കുന്നു. കർഷകരാണ് ഏറെയും. ചുരുക്കം വ്യാപാരികളും ഉണ്ട്. ബ്രദറൺ സമൂഹത്തിന് രണ്ടു ഗ്രാമങ്ങളിലും വേരുകൾ ഉണ്ട്. വേർപാടുകാർ എന്ന വിശ്വാസവിഭാഗം ജനങ്ങളിൽ സ്വാധീനം ഉള്ളവരാണ്. കീക്കൊഴൂരിൽ നോയൽ സായ്പ് സ്ഥാപിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രസ്മാരകമായ വിദ്യാലയവും അഭിമാനപൂർവ്വം നിലയുറപ്പിച്ചിരിക്കുന്നു.

പ്രവാസി മലയാളികൾ രണ്ടു ഗ്രാമങ്ങളുടെയും അഭിമാനമാണ്. അവരെ ഓർമ്മപ്പെടുത്താൻ പടുകൂറ്റൻ ഭവനങ്ങൾ വീഥിയുടെ ഇരുവശങ്ങളിലും സ്ഥാനം പിടിച്ചിട്ടുണ്ട്. മിക്കവയും ഒഴിഞ്ഞു കിടക്കുന്നു. ചിലതിൽമാത്രം ആൾതാമസം. വൃദ്ധാലയങ്ങളാണ് പലതും. മേക്കൊഴൂരിലെ കർഷക കുടുംബാംഗമാണ് ഇടപ്പുല്ലിൽ രാജു. ഭവനത്തിൽനിന്ന് പ്രധാന റോഡിലേക്ക് ഒരു നടപ്പാത മാത്രം സ്വന്തം. മേക്കൊഴൂരിലെ ആരാധനാ ജീവിതത്തിനും സഭാ കൂട്ടായ്മയ്ക്കും ചെറിയ ഇടവഴി രാജുവിനും അന്നമ്മയ്ക്കും മൂന്നു മക്കൾക്കും തടസ്സമായില്ല. രാവും പകലും ഇടുങ്ങിയ ഇടനാഴി രാജുവിന് സ്വീകരണം നല്കി. ആ പാദസ്പർശനത്തിൽ മണ്ണിനും പുളകം തന്നെ.

സൗദിയിലെ ഔദ്യോഗീക ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയ രാജുവിന് ഒരു ജീപ്പ് റോഡിനുവേണ്ടി അയൽക്കാരോട് അഭ്യർത്ഥന നടത്തുവാൻ ലജ്ജ തോന്നിയില്ല. ആവശ്യക്കാരനല്ലേ? വിനയപൂർവ്വം ആഗ്രഹം നിരസിക്കപ്പെട്ടു. വീണ്ടും അഭ്യർത്ഥനകൾ. വീണ്ടും വീണ്ടും നിഷേധങ്ങൾ. പ്രതീക്ഷയ്ക്ക് ഇനി സ്ഥാനമില്ലെന്ന തിരിച്ചറിവിൽ വീതികൂടിയ വഴിയുടെ ആഗ്രഹങ്ങൾ പെരുവഴിയിൽ ഉപേക്ഷിച്ച് ഇടവഴിയിലൂടെ സ്വന്തം ഭവനത്തിലേക്ക് താൻ കുനിഞ്ഞു നടന്നു. പ്രാർത്ഥന മാത്രം മുടക്കിയില്ല.

കാലങ്ങൾ ആരോഗ്യത്തെ ദുർബലമാക്കി. ആശുപത്രികൾ മിക്കപ്പോഴും സന്ദർശന വേദിയായി. പ്രധാനവഴിയിൽനിന്നും സ്വന്തം നടുമുറ്റത്ത് എത്തിച്ചേരാൻ പെടുന്ന പെടാപാടുകൾ ആരുടെയും ഹൃദയത്തിൽ ചിന്തകൾക്കു വഴി മരുന്നായി. ഹൃദയശസ്ത്രക്രിയക്കു പരുമല ഹോസ്പിറ്റലിൽ രാജു പ്രവേശിക്കപ്പെട്ടു. പത്ത് മണിക്കൂർ നീണ്ട ഓപ്പറേഷൻ. സഭാംഗങ്ങളും കുടുംബാംഗങ്ങളും പ്രാർത്ഥനയും അഭയയാചനകളുമായി പുറത്ത് കാവൽനിന്നു. ജീവിതപാതയിലേക്ക് താൻ തിരിച്ചു നടന്നു. ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജ് വാങ്ങി ഭവനത്തിലേക്ക് പോകുവാൻ തയ്യാറെടുക്കുമ്പോൾ മറ്റൊരു ആധി തന്നെയും കുടുംബാംഗങ്ങളെയും കീഴ്പെടുത്തി. വീട്ടിലേക്ക് എങ്ങനെ എത്തും? നടക്കുവാൻ ആവില്ല. വാഹനത്തിന് പ്രവേശനം തടഞ്ഞുള്ള ഇടവഴി. ആര് എടുക്കും? ഒരായിരം ചോദ്യശരങ്ങൾ മനസ്സിലേക്ക് തുളച്ചു കയറി.

സഹോദരന്മാർ വിട്ടില്ല. കസേരയിൽ ഇരുത്തി കൈ മാറി മാറി അവരുടെ സഹോദരനെ വീട്ടിലെത്തിച്ചു. ആ ദൃശ്യം അയൽക്കാരായ ചില പ്രിയപ്പെട്ടവർ ദൂരെ നിന്നു കണ്ടു. ആശുപത്രിയിൽ നിന്നും ക്ഷേമത്തോടെ മടങ്ങിയെത്തിയ അയൽവാസിയെ കാണാൻ നാട്ടുകാർ എത്തി.

പിറ്റേന്ന് പ്രഭാതത്തിൽ അയൽവാസിയായ കാട്ടുകല്ലിൽ പാപ്പച്ചൻ രാജുവിനെ കാണാനെത്തി. അതൊരു വ്യത്യസ്തമായ സന്ദർശനമായിരുന്നു. മുറിവുണങ്ങാത്ത ഹൃദയത്തിനൊരു സിദ്ധൗഷധവും താൻ കൂടെ കരുതിയിരുന്നു. കഴിഞ്ഞ രാവിൽ തന്റെ ഹൃദയനൈർമ്മല്യത്തിൽ രൂപപ്പെടുത്തി എടുത്ത ഗിലയാദിലെ വൈദ്യക്കൂട്ട്. യേശു ലോകത്തിലേക്ക് വന്ന് എല്ലാവർക്കുംവേണ്ടി വഴിയായതുപോലെ. പുതിയ വഴിത്താരയുമായി. റോഡുമുതൽ വീടുവരെ വാഹനം വരത്തക്ക വീതിയിൽ പുതിയ വഴി നിർമ്മിച്ചുകൊള്ളുക. പണമൊന്നും തരേണ്ടതില്ല. എന്റെ മതിൽ പൊളിച്ച് സ്ഥലം എടുത്തുകൊള്ളുക. ആവശ്യത്തിന്...

8 അടി വീതിയിൽ പ്രധാന റോഡുമുതൽ വീടുവരെ രാജുവിന് സ്വന്തം വഴി. അതിർ സംരക്ഷിച്ച് നിലയുറപ്പിച്ച പതിറ്റാണ്ടുകളുടെ പഴക്കം ചെന്ന തേക്കും തെങ്ങും കമുകും എല്ലാം ആ സമർപ്പണത്തിനു മുന്നിൽ നിലം പൊത്തി. മതിൽ പൊളിച്ചു. പുതിയത് സ്ഥാനം പിടിച്ചു. ഓർത്തഡോക്സ് സഭാവിശ്വാസിയായ കാട്ടുകല്ലിൽ പാപ്പച്ചനെ മേക്കൊഴൂരിന്റെ വിശുദ്ധനായി നാട്ടുകാർ അംഗീകരിച്ചിരിക്കുന്നു. അത്ഭുതങ്ങളുടെ ദൈവം ജീവിക്കുന്നു എന്ന് രാജുവും കൂട്ടുവിശ്വാസികളും കൈകൾ ഉയർത്തി സമ്മതിക്കുന്നു. 6 ലക്ഷം രൂപ വിലമതിക്കുന്ന 200 അടി നീളത്തിലുള്ള സ്ഥലം ഔദാര്യമായി നല്കി വഴിയായ പാപ്പച്ചൻ നമ്മുടെ ചിന്തകളിലും ഇടം നേടണം.

സ്വന്തം അവകാശത്തെയും അധികാരത്തെയും വെട്ടിച്ചുരുക്കുക. നഷ്ടം ഏറ്റെടുക്കുക. സ്വയം ശൂന്യമാവുക. അപരന്റെ കണ്ണുകളിൽ തിളക്കം സമ്മാനിക്കുക. ജീവിതത്തിൽ സ്വാതന്ത്ര്യം സമ്മാനിക്കുക. അതാവട്ടെ നമ്മുടെ ജീവിതലക്ഷ്യം. •

# അക്ഷരം കൊല്ലുന്നു ആത്മാവോ ജീവിപ്പിക്കുന്നു.

ജോഷി ജോസഫ്, മഞ്ഞാടി

കൃപാവരങ്ങളെയും താലന്തുകളെയും ഒന്നായി കാണുന്നവർ നമ്മുടെ ഇടയിൽ ധാരാളം ഉണ്ട്. ദൈവവചനം പരിശോധിച്ചാൽ ഇവരണ്ടും രണ്ട് കാര്യങ്ങൾ ആണെന്ന് മനസ്സിലാക്കാം. ജന്മനാ ഒരു മനുഷ്യനു ലഭിക്കുന്ന കഴിവുകളെയാണ് താലന്തുകൾ എന്നു പറയുന്നത്. എന്നാൽ കൃപാവരങ്ങളെ അങ്ങനെയല്ല കാണേണ്ടത്. വീണ്ടും ജനനം പ്രാപിച്ച ഒരു വ്യക്തിക്ക് ദൈവം കൊടുക്കുന്ന ദാനമാണ് കൃപാവരം. കൃപാവരത്തിന്റെ പ്രാധാന്യവും താലന്തുകളുടെ പ്രത്യേകതയും തിരിച്ചറിഞ്ഞ് ദൈവജനത്തിനു പ്രവർത്തിക്കുവാൻ കഴിയാത്തതിനാൽ നമ്മുടെ സഭകളിലും സമൂഹത്തിലും ഉണ്ടായ ഭവിഷത്തുകൾ ചെറുതല്ല. നമ്മുടെ സഭകളിൽ പലരും ആഗ്രഹിക്കുന്നത് കൃപാവരങ്ങളെ അല്ല, മറിച്ച് കഴിവുകളെയാണ്. ഇതുമൂലം ദൈവത്തിന്റെ സഭയിൽ ദൈവഹിതം നിറവേറ്റുവാൻ കഴിയാതെ വരുന്നു.

ഐ.എ.എസ്. പഠിച്ച് പാസ്സായ ഒരു വ്യക്തി കലക്ടറാകാൻ യോഗ്യനാണ് എന്ന് നമുക്കറിയാം. ഇദ്ദേഹം ഒരു ജില്ലയിൽ ഉള്ള വികസനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും, പ്രശ്നങ്ങൾ പരിഹരിക്കാൻ സമർത്ഥനും ആയിരിക്കാം. എന്നാൽ ഇദ്ദേഹം ഇരുപതോ, മുപ്പതോ പേർ കൂടി വരുന്ന ഒരു ചെറിയ സഭയിൽ വിജയകരമായ ശുശ്രൂഷകൾ ചെയ്യണം എന്നില്ല. കാരണം കഴിവും കൃപാവരങ്ങളും രണ്ടും രണ്ടാണ്. സഭാശുശ്രൂഷക്ക് ആവശ്യം കഴിവല്ല കൃപാവരങ്ങളാണ്. രാഷ്ട്രീയ രംഗത്തും തൊഴിൽ മേഖലയിലും കൃപാവരങ്ങൾ അല്ല കഴിവാണ് ആവശ്യം. ഇതിനാൽ സഭയിൽ താലന്തുകൾ ഉപയോഗിക്കരുത് എന്നില്ല. കൃപാവരങ്ങൾ ഉപയോഗിച്ച് ദൈവഹിതം നിറവേറ്റുവാൻ സഭയെ ഒരുക്കുകയാണ് വേണ്ടത്.

ഒരു കമ്പനിയിൽ ജോലിക്കായി ആളുകളെ തിരഞ്ഞെടുക്കുമ്പോൾ കൃപാവരം ഉള്ളവനാണോ എന്നു നോക്കാറില്ല. കമ്പനിയുടെ വിജയകരമായ നടത്തിപ്പിനു കഴിവാണ് ആവശ്യം. എന്നാൽ സഭയിൽ ശുശ്രൂഷിക്കുന്നവരിൽ നാം കാണേണ്ട യോഗ്യത കഴിവല്ല കൃപാവരങ്ങളാണ്. നമ്മുടെ പിതാക്കന്മാരിൽ പലരും വലിയ വിദ്യാഭ്യാസവും കഴിവും ഉള്ളവരായിരുന്നില്ല. എന്നാൽ ഇവരിൽ എല്ലാം തന്നെ കൃപാവരങ്ങൾക്ക് ഒരു കുറവും ഉണ്ടായിരുന്നില്ല. ഇതുകൊണ്ട് ശുശ്രൂഷകൾ അനുഗ്രഹിക്കപ്പെടുകയും, ആത്മാക്കൾ രക്ഷിക്കപ്പെടുകയും ചെയ്തു എന്ന് മാത്രമല്ല സ്ഥലം സഭകൾ തമ്മിൽ ഐക്യവും സമാധാനവും നിലനിർത്തി പോരുവാൻ കഴിഞ്ഞു. സഭയിൽ ശുശ്രൂഷിക്കുന്നവരിൽ പണമോ, കുടുംബമഹിമയോ കഴിവോ അല്ല നാം യോഗ്യതയായി കാണേണ്ടത്. കൃപാവരങ്ങൾ ഉള്ളവനാണോ എന്ന് തിരിച്ചറിയുകയാണ് വേണ്ടത്.

നമ്മുടെ സമൂഹവും കഴിവുകൾ തെളിയിക്കുന്ന വേദികൾ ആയി മാറിയിരിക്കുന്നു എന്നതിന്റെ തെളിവുകളാണ് ചില കൺവെൻഷനുകളും, പ്രസംഗങ്ങളും, പാട്ടുകളും എല്ലാം. അടുത്ത നാളിൽ നമ്മുടെ ഇടയിൽ ആത്മീയ ഗാനം പാടുവാൻ സ്റ്റുഡിയോയിൽ വന്ന ഗായകൻ നന്നായി മദ്യപിച്ചിരുന്നതായി അറിയാൻ കഴിഞ്ഞു. ഇങ്ങനെ മദ്യലഹരിയിൽ ഇരിക്കുന്ന ഒരാളുടെ പാട്ട് കേട്ടിട്ട് ദൈവനാമം മഹത്വപ്പെടുമോ? അതോ ആത്മാക്കൾ രക്ഷപെടുമോ? അനുവാചകരുടെ ചിന്തക്കായി വിടുകയാണ്. കഴിവുകളെ പ്രദർശിപ്പിക്കുന്ന വേദിയല്ല ക്രൈസ്തവലോകം. കൃപാവരങ്ങളെ ജ്വലിപ്പിക്കുന്ന കൂട്ടമായി മാറണം.

പുതിയ സഭകൾ സ്ഥാപിക്കുവാൻ കഴിവു ലഭിച്ച അനേകം ദൈവദാസന്മാർ നമ്മുടെ ഇടയിൽ ഉണ്ട്. വളരെ കഠിന അധ്വാനം ചെയ്ത് സ്ഥാപിക്കുന്ന പല സഭകളും ചിലവർഷങ്ങൾ കഴിഞ്ഞാൽ നിന്നുപോകുന്നതിന്റെ കാരണം അന്വേഷിച്ചാൽ കൃപാവരങ്ങളെ ഉപയോഗിക്കേണ്ടതുപോലെ ഉപയോഗിക്കാത്തതിൽ ആണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് മനസ്സിലാക്കാം. പുതിയ സഭ രൂപീകരിക്കാൻ കൃപലഭിച്ച ഒരു വ്യക്തിക്ക് തുടർന്ന് ആ സഭയെ പരിപാലിക്കാൻ ഉള്ള കൃപാവരം ഉണ്ടാകണം എന്നില്ല. കാരണം പരിപാലനവരം ഇല്ലാത്തവർ സഭയെ പരിപാലിക്കാൻ ശ്രമിച്ചാൽ ആളുകൾ ചിതറിപോകും. ആയതിനാൽ സഭ സ്ഥാപിക്കുവാൻ കൃപലഭിച്ചവർ അത് ചെയ്യട്ടെ തുടർന്ന് പരിപാലനവരം ഉള്ളവർക്ക് ശുശ്രൂഷകൾ ഏൽപിക്കുകയാണ് വേണ്ടത്. ഇതു കഴിയാതെ വരുമ്പോൾ പണവും കൗശലബുദ്ധിയും ഉപയോഗിച്ച് സഭയിൽ ശുശ്രൂഷിക്കാൻ ശ്രമിക്കുമ്പോൾ പലസഭാഹാളുകളും കുറുക്കന്മാരുടെയും വവ്വാലുകളുടെയും വിശ്രമസ്ഥലമായി മാറി പോകാൻ സാദ്ധ്യതയുണ്ട്. നമ്മുടെ കൺമുമ്പിൽ എത്ര തെളിവുകളാണ് ഈ കാര്യത്തിന് ഉള്ളത്.

കാലത്തിന്റെ കുത്തൊഴിക്കിൽപെട്ട ദൈവജനം അറിഞ്ഞോ അറിയാതെയോ ആഗ്രഹിക്കുന്നത് എല്ലാം അടിപൊളി ആയാൽ അനുഗ്രഹമായിരിക്കും എന്നാണ്. ഹാ ബുദ്ധിയില്ലാത്ത ഗലാത്യരെ നിങ്ങളെ... ക്ഷുദ്രം ചെയ്തു മയക്കിയതാർ. നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവർത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ എന്ന വാക്യം ഓർത്തു പോകയാണ്. നമുക്ക് ഇന്ന് യേശുദാസിന്റെ കഴിവല്ല അവശ്യം ദൈവത്തിന്റെ കൃപയാണ്.

അക്ഷരം കൊണ്ട് അമ്മാനം ആടി ക്രൈസ്തവ ലോകത്തെ മദോന്മത്തരാക്കിയ സാഹിത്യകാരന്മാർ പലരും സ്വന്തം കഴിവുകളെ തെളിയിക്കാനും സ്വാർത്ഥലാഭത്തിനായി പറ്റിയവർ ദൈവജനം ആണ് എന്ന് തിരിച്ചറിഞ്ഞ് കഴിവുകൾ കാണിച്ച് ലാഭം കൊയ്ത് എടുക്കുകയാണ് ഉണ്ടായത്. ക്രൈസ്തവ സാഹിത്യകാരന്മാരുടെ കഴിവുകളെക്കാൾ ദൈവജനത്തിന് ഇന്ന് ആവശ്യം അവരുടെ കൃപാവരങ്ങളെയാണ്. ഒരു കൃപാവരം പോലും ഇല്ലാത്ത ഒരുവിശ്വാസിയും ഇല്ലാത്തതിനാൽ കൃപാവരങ്ങൾ തിരിച്ചറിഞ്ഞ് ദൈവസഭയുടെ അഭിവൃദ്ധിക്കായി നമുക്ക് ഒരുമിച്ച് പ്രയത്നിക്കാം. മറ്റുള്ളവരുടെ അറിവിൽ നിന്നും എന്തെങ്കിലും അറിയാതെ കൃപയിൽ നിന്നുകൊണ്ട് ശുശ്രൂഷ തുടരാം. അക്ഷരം കൊല്ലുന്നു ആത്മാവോ ജീവിപ്പിക്കുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ ദൈവം സഹായിക്കട്ടെ.

**വൈവാഹികം:** ബ്രദറൺ യുവതി (25) 5.3". (ജി.എൻ.എം., ജോലി ഉണ്ട്.) ബ്രദറൺ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. 9446345919

## "ഒരു അനുഭവസാക്ഷ്യം"

4-ാം പേജിൽ നിന്നും തുടർച്ച

തിരിച്ചെത്തിയ ഞങ്ങൾക്ക് ഒരു ജീവിതമാർഗ്ഗം തിരക്കി ഒത്തിരി നടക്കേണ്ടി വന്നില്ല. യവക്കൊയ്ത്തിന്റെ കാലമായിരുന്നതിനാൽ പണി ഇഷ്ടം പോലെ. ചുരുക്കിപ്പറയട്ടെ 'ഭാഗ്യവശാൽ' ബോവസ് മുതലാളിയുടെ വയലിൽ കൊയ്ത്തുകാരുടെ പിന്നാലെ നടന്ന് കതിർ പെറുക്കുവാൻ ജോലി കിട്ടി. കതിർ പെറുക്കുവാനുള്ള അവകാശം മോശയുടെ ന്യായപ്രമാണവിധി പ്രകാരം പരദേശികൾക്കും അനുവദിച്ചിരുന്നത് (ലേവ്യ 19:9, 10) ഞങ്ങൾക്കു ഗുണമായി എന്നു പറയാം.


ബോവസ് മുതലാളി യഹോവഭക്തനും, തൊഴിലാളികളോടു സഹാനുഭൂതിയും, ബന്ധവും പുലർത്തുന്ന ആൾ തന്നെയാണ് എന്ന് അദ്ദേഹത്തിന്റെ വാക്കിലും, പ്രവർത്തിയിലും ഞാൻ കണ്ടു. 'യഹോവ നിങ്ങളോടു കൂടെ ഇരിക്കട്ടെ എന്ന ആശംസയോടെയാണ് അദ്ദേഹം കൊയ്ത്തുകാരോട് ആശംസ അറിയിച്ചത്. അങ്ങേരുടെ 'മകളേ' എന്നുള്ള വിളിയും, ഈ വയൽ വിട്ട് വേറെങ്ങും അലയണ്ടാ എന്നുള്ള പറച്ചിലും, ദാഹിക്കുമ്പോൾ കോരി വച്ച വെള്ളം കുടിച്ചോളു എന്നു പറഞ്ഞതും എല്ലാം ആ മനുഷ്യന്റെ സ്വഭാവത്തിന്റെ ശ്രേഷ്ഠത വെളിപ്പെടുത്തുന്നവയായിരുന്നു. കേട്ടോണേ, ഒരു അന്യജാതിക്കാരിയായ എന്നെ, പരദേശിയായ എന്നെ പെട്ടെന്ന് തന്നെ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞത് ഓർത്തപ്പോൾ എന്റെ എല്ലാ ബഹുമാനവും സാഷ്ടാംഗത്തിന്റെ രൂപത്തിൽ അദ്ദേഹത്തിന്റെ കാൽക്കൽ അർപ്പിച്ചു.

ഞാൻ അവിടെ വച്ച് ഒരു കാര്യം കൂടി ഓർത്തു. ഇത്രയും ധനവാനും, മഹാനും, നല്ലവനുമായ ബോവസിന്റെ അടുക്കൽ ക്ഷാമകാലത്ത് ഇവർക്ക് പോകാമായിരുന്നു. സഹായം കിട്ടിയേനെ. അതു ചിന്തിക്കുക പോലും ചെയ്യാതെയാണ് അവർ ഞങ്ങളുടെ നാട്ടിലേക്ക് ഓടിയത്. അനിഷ്ട സംഭവങ്ങൾ എല്ലാം അനുഭവിച്ചതും അതുകൊണ്ടാകാം. പക്ഷേ എന്റെ വ്യക്തിപരമായ ജീവിതത്തിൽ അതിപ്രധാനമായ ഒരു തിരിച്ചറിയലിനും കൂടി എനിക്കിടയായ ഈ മുഖാന്തിരത്തിന് സ്തോത്രം. ഇത് യഹോവയാൽ സംഭവിച്ചതു തന്നെ. ഇവർ മോവാബിൽ വന്നില്ലായിരുന്നെങ്കിൽ, ഞാൻ ഈ കുടുംബത്തിന്റെ അംഗമായി മാറിയില്ലായിരുന്നെങ്കിൽ ജാതീയ പെണ്ണായ എനിക്ക് സത്യഏകദൈവത്തെ അറിയുവാൻ കഴിയുകയില്ലായിരുന്നു. ഒരു നാടകീയ രംഗമായിരുന്നു പിന്നീട് അങ്ങോട്ട്. എന്റെ അമ്മായിയപ്പന്റെ ചാർച്ചക്കാരനായിരുന്നു ബോവസു മുതലാളി.

പിന്നീട് ഈ മനുഷ്യൻ എന്റെ വീണ്ടെടുപ്പുകാരനായി തീർന്ന സംഭവം എന്റെ പേരിൽ എഴുതിയിരിക്കുന്ന ബൈബിളിലെ പുസ്തകത്തിൽ മൂന്നാം അദ്ധ്യായത്തിലും, നാലാം അദ്ധ്യായത്തിലും കാണാം. എലീമെലേക്കിന്റെ കുടുംബത്തിനുള്ള സകല സ്വത്തും, കൂടെ എന്നെയും കൂടി നല്ലവനായ ബോവസ് വീണ്ടെടുത്തു. എന്നെ ഭാര്യയായി സ്വീകരിച്ചു. എത്ര ശ്രേഷ്ഠനാണ് എന്റെ പ്രിയൻ. ആയിരങ്ങളിൽ അതിശ്രേഷ്ഠൻ. ഭാഗ്യവശാലാണ് ഞാൻ ബോവസിന്റെ വയലിൽ എത്തിയത്. അല്ലാതെ പുകഴാൻ എനിക്കൊന്നും ഇല്ലേ ഇല്ല. ഇന്ന് ഞാൻ തികച്ചും സംതൃപ്തയാണ്. ഭാവിയെയോർത്തു നിരാശപ്പെടേണ്ട ഞാൻ പുഞ്ചിരി തൂകി മോദമോടെ നിങ്ങളോട് എനിക്കു പറവാനുള്ളത് എന്റെ ബോവസ് അച്ചായനെക്കാൾ, എല്ലാവരെക്കാളും അതിശ്രേഷ്ഠനായ ക്രിസ്തുവിനാൽ നിങ്ങൾക്കു ലഭിച്ച. ലഭിക്കാൻ ഇനി പോകുന്ന മുഴുവൻ നന്മയും ഓർത്ത് ഈ പാരിടത്തിൽ ദൈവത്തെ ഭയപ്പെട്ടും സ്നേഹിച്ചു ജീവിക്കുക എന്നുള്ളതാണ്. ദൈവമഹത്വം മാത്രം നിങ്ങളുടെ ലക്ഷ്യമാവട്ടെ. എല്ലാ ആശംസകളോടെയും പ്രാർത്ഥനയോടെയും നിർത്തുന്നു.

നിങ്ങളുടെ സഹോദരി രൂത്ത്

# മഹത്വത്തിൽ



**ചെങ്ങന്നൂർ :** പാണ്ടനാട് പെരിയാത്ത് പരേതനായ വർക്കി ഗീവർഗ്ഗീസിന്റെയും ദീനാമ്മ വർക്കിയുടെയും മകൻ വർഗ്ഗീസ് പി. വർഗ്ഗീസ് (പൊന്നപ്പൻ) നിത്യതയിൽ പ്രവേശിച്ചു. പാണ്ടനാട് ഇമ്മാനുവേൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ അമ്മിണി മക്കൾ: ജോഷാ, ജെസ്റ്റസ്, ജേസി. മരുമക്കൾ: ജോവാന.



**റാന്നി:** കണ്ടംപേരൂർ പുളിയോടിൽ പരേതനായ പി. തോമസിന്റെയും ജോയമ്മയുടെയും മകൻ ജോൺസൺ പി. തോമസ് (52) ഡാളസിൽ നിര്യാതനായി. സംസ്കാരം 11.2.2012 ൽ നോർത്ത് ഡാളസ് ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ നടന്നു. ഭാര്യ ജെസി, മക്കൾ: ലിൻ, ലെസ്‌ലി. സഹോദരങ്ങൾ: പി.റ്റി. ഫിലിപ്പ്, ഗ്രേസമ്മ, പി.റ്റി. ഏബ്രഹാം (എല്ലാവരും യു.എസ്.എ)

**തടിയൂർ:** കുഴിക്കാലവടക്കേതിൽ പരേതനായ സുവി. വർഗ്ഗീസ് സൈമണിന്റെ ഭാര്യ അന്നമ്മ നിത്യതയിൽ പ്രവേശിച്ചു. കുമ്പളാംപൊയ്ക ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.



**മാവേലിക്കര:** കണ്ണാട്ടുമോടി പുന്നൂട്ടി പറമ്പിൽ പി.എം. സാമുവേൽ (70) നിത്യതയിൽ ചേർന്നു. സ്ഥലം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ സാറാമ്മ, മക്കൾ : സുനിലമ്മ, സുനിത, സുബി. മരുമക്കൾ: ബെനഡിക്റ്റ്, സാം, ബാബു.



**ബാംഗ്ലൂർ:** എൽ.ജി. ജേക്കബിന്റെയും പൊടിയമ്മയുടെയും മകൻ ജോർജ്ജ് ജേക്കബിന്റെ ഭാര്യ സൈറാ ജോജി മട്ടയ്ക്കൽ ബാംഗ്ലൂരിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഹൃദയാഘാതത്തെ തുടർന്ന് കഴിഞ്ഞ ഏതാനും ആഴ്ചകളിലായി ചികിത്സയിൽ ആയിരുന്ന സഹോദരി 24-ാം തീയതി ശനിയാഴ്ച വൈകിട്ട് നിത്യതയിൽ പ്രവേശിച്ചു. അവർക്കുള്ള 9 കുട്ടികളിൽ ഇളയ കുട്ടിക്ക് ഒരുമാസം മാത്രമേ പ്രായമുള്ളു. 28 ന് കാൽവറി ബൈബിൾ ഫെലോഷിപ്പിന്റെ ചുമതലയിൽ ഇന്ത്യൻ ക്രിസ്റ്റ്യൻ സെമിത്തേരിയിൽ സംസ്കാരം നടത്തി. പരേത മാങ്ങാനം പണിക്കരുവീട്ടിൽ രാജൻ അലക്സാണ്ടർ – മേരിക്കുട്ടി ദമ്പതികളുടെ മൂത്ത മകളാണ്.

# പ്രഷ്യസ് ലൈഫ് മിനിസ്ട്രീസ്

സൗത്ത് തമിഴ് നാട്ടിൽ നടക്കുന്ന പ്രവർത്തനങ്ങൾ അനുഗ്രഹകമായി തുടരുന്നു. സുവിശേഷകന്മാരായ ഫിലിപ്പ്കുട്ടി, ചിന്നരാജ്, ഗോവിന്ദൻ, ജോൺ കെന്നടി, ഡേവിഡ് വേലായുധൻ ഇവർ കൂട്ടായി ടി.എൻ. പുതുക്കുടിയിലും ചുറ്റുപാടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്ത്യൻ ഫിലിം പ്രദർശനത്തിന്റെ ഫലമായി നിരവധി സ്ഥലങ്ങളിൽ നൂറുകണക്കിന് ഗ്രാമവാസികളോട് സുവിശേഷം അറിയിക്കുവാൻ ഇടയാകുന്നു. ന്യൂയോർക്കിലെ നല്ലഇടയൻ മിനിസ്ട്രി ജോർജ്ജ് മാത്യു, ശോശാമ്മ മാത്യു ദമ്പതികൾ മാർച്ച് 10,11 തീയതികളിൽ അവരുടെ മിഷൻ ട്രിപ്പിനോടനുബന്ധിച്ച് പുളിയംകുടിയിലുള്ള ചിൽഡ്രൻസ് ഹോം സന്ദർശിക്കുന്നുണ്ട്. ചിൽഡ്രൻസ് ഹോമിന്റെ സ്ഥാപനത്തിനും കെട്ടിടത്തിനും തുടർന്നുള്ള പ്രവർത്തനത്തിനും പ്രിയപ്പെട്ട കുടുംബം ചുമൽകൊടുത്തുകൊണ്ടിരിക്കുന്നു. അവരുടെ സുഗമമായ യാത്രയ്ക്ക് പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

# സുവിശേഷ യോഗങ്ങൾ

ഐവർക്കാല നടുവിൽ ബ്രദറൺ സഭയുടെ ചുമതലയിൽ 2012 ഏപ്രിൽ 9 മുതൽ 11 വരെ തീയതികളിൽ വൈകിട്ട് 6:30 മുതൽ 9:00 വരെ ഐവർക്കാല ബ്രദറൺ സഭാഹാളിനുസമീപം സുവിശഷ യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു. പ്രസംഗകർ സുവിഷകന്മാരായ ടൈറ്റസ് ഇടയാറന്മുള, എം.വി.ബാബു കല്ലിശ്ശേരി, ബി. ഷാജി പത്തനംതിട്ട എന്നിവർ ദൈവവചന ശുശ്രൂഷിക്കുന്നു. സ്പിരിച്ച്വൽ സിംഗേഴ്സ് കല്ലിശ്ശേരി ഗാനശുശ്രൂഷ നിർവ്വഹിക്കുന്നു.

# പ്രാർത്ഥനയ്ക്ക്

ചാലിശ്ശേരി: നമ്മുടെ പ്രവർത്തനങ്ങൾ പലവർഷങ്ങളായി ഇല്ലാതിരുന്നതും പല മതസ്ഥർ പാർക്കുന്നതും പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്നതുമായ ചാലിശ്ശേരിയിലും സമീപപ്രദേശങ്ങളായ പെരുമണ്ണൂർ, മുക്കൂട്ട എന്നിഭാഗങ്ങളിലും സുവിശേഷകൻ പി.വി. ജേക്കബ് കൊടക്കൽ, ബ്രദർ ജോസ് പട്ടാമ്പി എന്നിവർ ചേർന്ന് 5–7–2011 മുതൽ പ്രവർത്തിച്ചുവരുന്നു. ഒരു ഭവനത്തിൽ ബൈബിൾ ക്ലാസ്സും ആരംഭിച്ചിട്ടുണ്ട്. 20 പേരോളം രക്ഷിക്കപ്പെടുവാൻ ഈ പ്രവർത്തനം മൂലം ഇടയായിട്ടുണ്ട്. അവിടെ ഒരു കൂടിവരവ് ഉണ്ടാകുവാൻ ദൈവജനം പ്രാർത്ഥിക്കണം.

എന്ന് പി.വി. ജേക്കബ് കൊടക്കൽ

## രോഗികൾക്കായി പ്രാർത്ഥിക്കാം

**പെരുമ്പാവൂർ:** സുവി. ബെൻസൺ ബാബുവിന്റെ മകൻ ജെയ്റസ് ബെൻസൺ (ഒന്നര) വിഷം ഉള്ളിൽ ചെന്നതിനെ തുടർന്ന് ചികിത്സയിൽ തുടരുന്നു. അപകടനില തരണം ചെയ്തു. ദൈവജനം പ്രത്യേകം പ്രാർത്ഥിച്ചാലും.

**എറണാകുളം** : ബറോഡായിൽ കർത്തൃശുശ്രൂഷയിലായിരുന്ന സഹോ. എൻ.ജി ജോൺ എറണാകുളത്തുവെച്ച് ഫെബ്രുവരി 10–ാം തീയതി ഒരു വാഹനാപകടത്തെതുടർന്ന് എറണാകുളം മെഡിക്കൽ സെന്ററിൽ ഒരു മേജർ സർജറി കഴിഞ്ഞ് ചികിത്സയിൽ തുടരുന്നു. 91 9895282845

**പത്തനംതിട്ട** : ഒഴത്തിൽ സി.എം. സാമുവേൽ ബ്ളഡ് ക്യാൻസറിന് അമൃതാ ഹോസ്പിറ്റലിൽ ചികിത്സയിലാണ്. ശാരീരികമായിവളരെ രോഗങ്ങളാൽ അദ്ദേഹം ഭാരപ്പെടുന്നു. പത്തനംതിട്ട ബ്രദറൺ അസംബ്ലി മൂപ്പനും ബി.ബി.ഐ. യുടെ അക്കൗണ്ടന്റുമാണ്. 0468 2224045

**തമിഴ്നാട്** : മണലി അരുമനായ് സുവി. തോമസ് വർഗ്ഗീസ് ഹൃദ്രോഗത്താൽ ഭാരപ്പെടുന്നു. 15 വർഷങ്ങൾക്ക് മുമ്പ് ഹൃദയ വാൽവ് മാറ്റിവെച്ചിരുന്നു. ഇപ്പോൾ വീണ്ടും ഓപ്പറേഷൻ ആവശ്യമായിരിക്കുന്നു. പ്രിയസഹോദരൻ വളരെ ബലഹീനനായി തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികത്സയിൽ കഴിയുന്നു. റാന്നി സീയോൻകുന്ന് ബ്രദറൺ അസംബ്ലിയിൽ നിന്നും വേലയ്ക്കായി വേർതിരിഞ്ഞ ഒരു സഹോദരനാണ്.

**പുനലൂർ** : പരേതനായ എം.ഇ. ചെറിയാൻ സാറിന്റെ മകൻ ഷാരോൻ ഹൗസിൽ തോമസ് ചെറിയാൻ (റ്റോമി) വലതുകാലിന് ഇൻഫക്ഷനും കിഡ്നി തകരാറിനേയും തുടർന്ന് തിരുവനന്തപുരം കാരക്കാൺ ഹോസ്പിറ്റലിൽ ചികിത്സയിലാണ്. 5 വർഷമായി കിഡ്നി തകരാറിനെ തുടർന്ന് ആഴ്ചയിൽ 2–3 പ്രാവശ്യം ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്നു. 9947997038.

**മേൽപ്പാടം** : സഹോ. എ.ജി. തോമസ് (സുവി. അലക് മേൽപ്പാടത്തിന്റെ പിതാവ്) ബ്രെയിൻ സർജറികഴിഞ്ഞ് ചെങ്ങന്നൂർ സെഞ്ച്വറിഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്നു.

**സുവി. തിരുവട്ടാർ കൃഷ്ണൻകുട്ടി, വി. കുര്യാക്കോസ് (കീഴില്ലം** )എന്നിവർ ബലഹീനരായി ഭവനത്തിൽ കഴിയുന്നു.

**ഹൂസ്റ്റൺ** : ജെയ്പൂർ, ഓറിസ്സായിലായിരുന്ന റ്റി.എം. തോമസ്കുട്ടി ഫെബ്രുവരി 9–ാം തീയതി ബൈപാസ്സ് സർജ്ജറി കഴിഞ്ഞ് വിശ്രമിക്കുന്നു.

**ഓറീസ്സ** : സുവി. അജയ്കുമാർ ഛത്രിയയുടെ സഹോദരൻ ഡേവിഡ് ഛത്രിയ മേയ് 2011 മുതൽ തളർന്നു കിടക്കുന്നു. ഇപ്പോൾ കാഴ്ച നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഫെബ്രുവരി 22 ന് വെല്ലൂർ സി.എം.സി. യിൽ ചികിത്സയ്ക്കായി കൊണ്ടുവരുന്നു.

**തിരുവനന്തപുരം** : സഹോ. അന്നമ്മ സി.ജോൺ കഴിഞ്ഞ 15 ദിവസത്തിനകം രണ്ടു സർജറികഴിഞ്ഞ് കഠിനമായ വേദനയിൽ കൂടി കടന്നുപോകുന്നു. ഹിപ്പ് സർജ്ജറിയും 5 ബ്ലോക്കിന് ബൈപാസ്സ് ഗ്രാഫ്റ്റ് സർജ്ജറിയും കഴിഞ്ഞു.

Reg. No. E. 3884/05/K.Div. Licence to post Registered News paper without pre-payment.Licence No.KL/TLA/WPP/128/2011-13
Postal Reg.No.KL/TLA/208/2011-13

# niyogam

BRETHREN VARTHA PATHRIKA

2012 മാർച്ച് 5

## വണ്ടിപെരിയാർ സഭാഹാൾ

വണ്ടിപെരിയാർ സഭാഹാളിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. വണ്ടിപെരിയാർ സഭയ്ക്കുവേണ്ടി എം.വി.ബാബു കല്ലിശ്ശേരി നേതൃത്വം കൊടുക്കുന്ന പ്രഷ്യസ് ലൈഫ് മിനിസ്ട്രീസ് ആണ് 165000 രൂപ മുടക്കി സ്ഥലം വാങ്ങിയത്. ബാപ്റ്റിസ്റ്റ് പ്രവർത്തകനായിരുന്ന മാത്തുക്കുട്ടി ബാപ്റ്റിസ്റ്റ് ബന്ധം വിട്ട് ഇവിടെ സുവിശേഷകനായി പ്രവർത്തിക്കുന്നു. മഴുക്കീർ ബ്രദറൺ സഭാംഗവും ഇപ്പോൾ ഹൂസ്റ്റണിൽ ജോലിയിലായിരിക്കുന്ന ടി. സി. മാത്യുവും കുടുംബവുമാണ് മാത്തുക്കുട്ടിയെ സ്പോൺസർ ചെയ്തിരിക്കുന്നത്. ഹാളിന്റെ പണിക്കായി എം.വി. ബാബു ഉൾപ്പെടെ ഇറക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗൾഫിൽ നിന്നും അമേരിക്കൻ സഭകളിൽ നിന്നും 5 ലക്ഷത്തിലധികം രൂപ ലഭിക്കുവാൻ ഇടയായി. ഇപ്പോൾ ഷാർജാ ബ്രദറൺ സഭ നല്കിയിരിക്കുന്ന പ്രത്യേക ഫണ്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ദൈവജനം പ്രാർത്ഥിക്കുക.

**പ്രഷ്യസ് ലൈഫ് മിനിസ്ട്രീസ്**



പ്രിസൺ ഫെലോഷിപ്പ് ഇന്ത്യ ചെയർമാന് ഡോ. കുഞ്ഞുമോൻ ചാക്കോ ഇന്ത്യ ഡവലപ്മെന്റ് ഫൗണ്ടേഷന്റെ ദേശസ്നേഹി അവർഡിന് അർഹനായി. ജയിലുകളിലുള്ള കുറ്റവാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നൽകിവരുന്ന മാനുഷിക പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇതിന് കാരണമായി.

## കുട്ടികൾക്കായി 7-ാമത് വേനൽ അവധിക്കാല കൂട്ടം

ഏപ്രിൽ 16 മുതൽ 20 (തിങ്കൾ മുതൽ വെള്ളി), വരെ സെന്റ് ജൂഡ് സ്കൂൾ, മാങ്കുളം രാവിലെ 9 മുതൽ വൈകിട്ട് 3:30 വരെ വിദഗ്ദരും സമർപ്പണവുമുള്ള ലീഡേഴ്സ്, 350-ൽ അധികം കുട്ടികൾ, ആദിവാസി, തമിഴ് പ്രത്യേകം ക്ലാസ്സുകൾ, വ്യക്തിവികസനത്തിനും സ്വഭാവ രൂപീകരണത്തിലും പ്രത്യേക ശ്രദ്ധ്, കുട്ടികൾക്ക് മനസ്സിലാക്കുന്ന രീതിയിലുള്ള അവതരണം. കാർട്ടൂൺ കഥാപാത്രങ്ങൾ കാണാനെത്തുന്നു. മാതാപിതാക്കൾക്ക് പ്രത്യേകം ക്ലാസ്സ്. എല്ലാവർക്കും ഉച്ചഭക്ഷണവും സമ്മാനവും.

മാങ്കുളം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ ശുശ്രൂഷകളെ ഓർത്ത് പ്രാർത്ഥിക്കുകയും വന്ന് സംബന്ധിക്കുകയും ചെയ്യേണമേ. ഹൈറേഞ്ചിൽ ഒരു ഉൾ ആദിവാസമേഖലയായ മാങ്കുളത്ത് ക്രമീകരിച്ചിരിക്കുന്ന ഈ പ്രവർത്തനങ്ങൾക്ക് 70,000 രൂപയിൽ അധികം ചിലവുണ്ട്. ദൈവാത്മാവ് പ്രരിപ്പിക്കുന്നതുപോലെ കൂട്ടായ്മയുടെ വലങ്കരം നീട്ടിയാലും. സഹോദരന്മാർ ബിനുബേബി, കോശി കെ. പോൾ, അരുൺ കെ. പോൾ. ഫോൺ: 9446920419, 9447986466, 9486432170.

## ത്രിദിന ബൈബിൾ പഠന ക്യാമ്പ്

ഏപ്രിൽ 6-8 (വെള്ളി, ശനി, ഞായർ) രാവിലെ 9:00 മുതൽ വൈകിട്ട് 4 വരെ, സ്ഥലം മാങ്കുളം ഇടുക്കി ജില്ല. അദ്ധ്യാപകർ : രാജു കെ. മാത്യു ബാംഗ്ലൂർ, ജോൺ വർഗ്ഗീസ് (കൊട്ടാരക്കര) വിഷയങ്ങൾ: രക്ഷയുടെ ഉറപ്പ്, ഉപദേശത്തിന്റെ പ്രാധാന്യത, കരിസ്മാറ്റിസം എക്യുമെനിസം, സഭയിലെ സ്ത്രീകളുടെ ഉത്തരവാദിത്വങ്ങൾ, വിശ്വാസിയിൽ പരിശുദ്ധാത്മാ പ്രവർത്തനങ്ങൾ, സഭാവളർച്ചയിൽ വിശ്വാസികളുടെ പങ്ക്, ആരാധനയും കർത്തൃമേശയും, എന്തുകൊണ്ട് ബ്രദറൺ സഭ മാത്രം പുതിയ വിശ്വാസികൾക്ക് പ്രത്യേകം കൗൺസലിംഗ് സമയം. ആർക്കും സംബന്ധിക്കാം: താമസ സൗകര്യം വേണ്ടവർ മുൻകൂട്ടി അറിയിക്കുക.

## പീഢനം വർദ്ധിക്കുന്നു ഒപ്പം പ്രേക്ഷിത പ്രവർത്തനവും



വടക്കൻ കൊറിയയിൽ ജയിലിൽ അടയ്ക്കപ്പെട്ട അഭയാർത്ഥികൾ

പീഢനങ്ങളോ വർദ്ധിച്ചുവരുന്ന സാമ്പത്തിക മാന്ദ്യമോ ഒന്നും സുവിശേഷ പങ്കുവയ്ക്കുന്നതിനോ മാനുഷിക സഹായം നൽകുന്നതിനോ തടസ്സമാകില്ല എന്ന് ഫെബ്രുവരി 20 ന് നാഷാവില്ലയായിൽ നടന്ന നാഷണൽ റിലീജിയസ് ബ്രോഡ്കാസ്റ്റേഴ്സ് കൺവൻഷനിൽ അഭിപ്രായം ഉയർന്നുവന്നു. ഓരോ ക്രിസ്ത്യാനിയും പ്രശ്നങ്ങളുടെ മദ്ധ്യേ പ്രേക്ഷിത പ്രവർത്തനത്തെക്കുറിച്ച് മറുന്നുപോകരുത്. ദൈവം നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്വത്തിൽ നിന്നും മാറി നാം സുരക്ഷിതത്വം അന്വേഷിക്കുമ്പോൾ അതിലൂടെ ഉണ്ടാകുന്ന വിപരീത ഫലം ഭയാനകമാണെന്ന് ഓർക്കണം.

## ബൈബിൾ പ്രഭാഷണവും സംഗീതവിരുന്നും

### കുഴിമാവിൽ പുതിയസഭാകൂടിവരവ്



കുഴിമാവിൽ നടന്ന പ്രവർത്തനത്തിൽ നിന്ന്.... *Stills: K.K Thomas*

**മുണ്ടക്കയം:** പീരുമേട് താലൂക്ക് സുവിശേഷീകരണ ടീം പ്രവർത്തനത്തിന്റെ ചുമതലയിൽ ഫെബ്രുവരി 6,7,8 തീയതികളിൽ സുവിശേഷ യോഗങ്ങളും സംഗീതവിരുന്നും നടത്തപ്പെട്ടു. സഹോദരന്മാരായ എം.വി.ബാബു കല്ലിശ്ശേരി, തോമസ് ചെറിയാൻ അടിമാലി, ഷാജഹാൻ വി. ഹസ്സൻ പീരുമേട് എന്നിവർ വചനം ശുശ്രൂഷിച്ചു. ഗോഡ്ലി കുര്യൻ, എം.വി.ബാബു, സാമുവേൽ റ്റി. ഫിലപ്പ് എന്നിവർ ബൈബിൾ ക്ലാസ്സിന് നേതൃത്വം നൽകി. കെ.സി. സാബു, സജീവൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു. പരസ്യയോഗങ്ങളും ഭവനസന്ദർശനവും ഫിലിം പ്രദർശനവും മുഖാന്തിരം അനേകരെ സുവിശേഷം അറിയിക്കുവാനും ചിലരെയൊക്കെ രക്ഷയുടെ സന്തോഷത്തിലേക്കു നയിക്കാനും സാധിച്ചു. അനുധാവനപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു വാടകവീട്ടിൽ ആരാധനാകൂടിവരവ് ആരംഭിക്കുവാനും ഇടയായി എന്നുള്ളത് സ്തോത്രത്തിനായ് അറിയിക്കുന്നു. കെ.എം. ബേബി, റ്റി. വി. മാത്യു, എം.സി. ചെറിയാൻ എന്നിവരുടെ നേതൃത്വത്തിൽ ഈ പ്രവർത്തനം തുടർന്നുകൊണ്ടുപോകുവാൻ തീരുമാനിച്ചിരിക്കുന്നു. വെള്ളിയാഴ്ച രാവിലെ പ്രാർത്ഥനയും വൈകുന്നേരം ബൈബിൾ ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. ഈ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി തുടർന്നും പ്രാർത്ഥിക്കുക.

കുടുതൽ വിവരങ്ങൾക്ക് : കെ.എം. ബേബി : 9495 026263.

## ക്രിസ്ത്യൻ ന്യൂസ്പേപ്പർ എഡിറ്റർ ജയിൽ മോചിതയായി.



**ജിൻമെൻ:** വടക്കൻ ചൈനയിലെ ഹൂബിപ്രദേശത്ത് 2012 ൽ 15 വർഷത്തേയ്ക്ക് ജയിലിൽ അടയ്ക്കപ്പെട്ട ക്രിസ്ത്യൻ ന്യൂസ്പേപ്പർ എഡിറ്റർ ലീ യിംഗ് 10 വർഷങ്ങൾക്ക് ശേഷം ജയിൽ മോചിതയായി. അവരുടെ മോചനത്തിനായി ആയിരക്കണക്കിന് കത്തുകളാണ് ജയിലിലേക്ക് വന്നുകൊണ്ടിരുന്നത്. അത് തന്റെ മോചനത്തിന് വലിയ കാരണമായി എന്ന് ലീ പറഞ്ഞു. ചൈനയിൽ ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന കുടുംബസഭകളിൽ ഒന്നായ സൗത്ത് ചൈന ചർച്ചിന്റെ സ്ഥാപകനായ പാസ്റ്റർ ഗോംങ് ഷെംഗ്ളിയാംഗിന്റെ മരുമകളാണ് ലീ. തന്നോടുകൂടെ ജയിലിൽ അടയ്ക്കപ്പെട്ട മറ്റ് 5 പേർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുള്ള സ്ഥിതിയിൽ ഈ മോചനം ലോക ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

## മാഞ്ചകോണം തൃപ്പരപ്പ്

കന്യാകുമാരി : എന്റെ പേര് മൈക്കിൾ ജി. എന്നാണ്. ഞാൻ ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് തിരുവല്ല ഇരവിപേരൂർ മോടിയിൽ (പുലയകുന്ന്) സഭയിലെ അംഗമാണ്. തമിഴ് നാട്ടിൽ വചന പഠനത്തിനുശേഷം വടക്കേ ഇന്ത്യയിൽ വൈ.എം.ഇ.എഫ്. ടീമിൽ പ്രവർത്തിച്ചും ഇപ്പോൾ കന്യാകുമാരി ജില്ലയിൽ മാഞ്ചക്കോണം തൃപ്പരപ്പ് എന്ന് സ്ഥലത്ത് മൂന്ന് കുടുംബങ്ങളോട് ചേർന്ന് ഒരു വാടക കെട്ടിടത്തിൽ കർതാവിനെ ആരാധിച്ചുവരുന്നു. ഞാനും ഭാര്യയും വിദ്യാർത്ഥികളായ രണ്ട് മക്കളുമായി വാടക വീട്ടിൽ താമസിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. കന്യാകുമാരി ജില്ലയിലെ മറ്റ് ചില സഹോദരന്മാരും എന്നോട് ചേർന്ന് ആത്മഭാരത്തോടെ പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനത്തേയും സഭയേയും എന്റെ കുടുംബത്തേയും പ്രാർത്ഥനയിൽ ഒർക്കുകയും സഹകരിക്കുകയും ചെയ്യണെന്ന് ദൈവനാമത്തിൽ അപേക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബ്രദർ. വിജയ് നേശ്ശൻ 0948 727 4378 : Evg. G. Michel, Muttathuvila Veedu, Thripparuppu P.O. K.K. Dist. 629161, T.N. Ph: 9751796018.

Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com